
# പുലരി



## സെന്റ് അഗസ്റ്റിൻസ്

മൂവാറ്റുപുഴ





# എഡിറ്റോറിയൽ

മനുഷ്യമനസ്സിൽ കമ്പ്യൂട്ടറിനെ കുടിയിരുത്തി ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾക്ക്

പിന്നാലെ നെട്ടോട്ടമോട്ടുമ്പോൾ , അവന്റെ

മനസ്സിൽ അവനറിയാതെ ഉറങ്ങിക്കിടക്കുന്ന

സർഗ്ഗവാസനകളെ തൊട്ടുണർത്തുന്നത് ഇതു പോലുള്ള


കൊച്ചു സംരംഭമാണെന്നതിൽ തർക്കമില്ല .

വിജയ പരാജയ സാധ്യതകൾക്കപ്പുറം

ഞങ്ങളുടെ ഇളം മനസ്സുകളുടെ പ്രതിഫലനമാണിത്.


മഹാസമുദ്രത്തിൽ നിന്നും ഒരു കൊച്ചു

പക്ഷി തന്റെ കുഞ്ഞിച്ചുണ്ടു കൊണ്ട്




*കൊത്തിയെടുക്കുന്ന ഒരു തുള്ളി വെള്ളം പോലെ ,*
*അറിവിന്റെ മഹാസാഗരത്തിൽ നിന്നും ഞങ്ങൾ*
*കണ്ടെടുത്ത മുത്തുകളും ചിപ്പികളുമാണിവ......*
*പുതുനൂറ്റാണ്ടിന്റെ ഹർഷാരവം*
*ചെവികളിൽ മാറ്റൊലി കൊള്ളുന്നില്ലേ........*
*പുതുമയുടെ പച്ചപ്പ് എങ്ങും കാണുന്നില്ലേ..... ഈ*
*പുതുമയുടെ നിറവിൽ ഞങ്ങളും സമർപ്പിക്കട്ടേ*

***പുലരി .....*** *അമ്മയുടെ ഒക്കത്തിരുന്ന് പ്രപഞ്ചത്തെ*
*വീക്ഷിക്കുന്ന ഒരു ഇളം പൈതലിന്റെ*
*അന്വേഷണ ത്വര..... ആത്മസംതൃപ്തി.....*
*അനുഭൂതി.......* ***" പുലരി "***
*നിങ്ങൾക്കാശംസിക്കുന്നു......*
*തൊട്ടുണർത്തി*




*വർണ്ണവൈവിദ്ധ്യങ്ങളോടെ കടലാസിലേക്കു പകർത്താൻ പ്രാപ്തരാക്കിയ ഗുരുഭൂതർക്കുംഅണിയിച്ച് ഒരുക്കിയ സഹപാഠികൾക്കും ഒരായിരം നന്ദിയോടെ .............*

\- ***എഡിറ്റർ***




# ആശംസകൾ......

മേഘപടലങ്ങളിലുള്ള വിദ്യച്ഛക്തിയുടെയും
ഊർഷത്തിന്റെയും സമ്മേളനത്തിൽ നിന്ന്
ഇടിയും മിന്നലും ഉണ്ടാകുന്നതുപോലെ
മനുഷ്യമനസ്സുകളിൽ അന്തർലീനമായി
കിടക്കുന്ന സർഗവാസനകൾ
സമ്മേളിക്കുമ്പോൾ വിസ്മയകരങ്ങളായ
പ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടും പുലരിയിലും
അതാണ് ദർശിക്കാനാവുക .
ബാലമനസ്സുകളിലെ സർഗ വാസനകളുടെ
സമ്മേളനം ...... ഭാവനയുടെ നിറവ് ......

കൊച്ചു കുട്ടികളായ
നിങ്ങളുടെ സ്ഥിര പരിശ്രമം
പുലരിയിലൂടനീളം കണ്ടു.
സന്തോഷമായി
.....പുലരി മാത്രമാണ് .
ഇനിയും ഏറെ ദൂരം സഞ്ചരിക്കാൻ
ബാക്കിയുണ്ട് "പുലരി "സമ്മാനിച്ച
കൈത്തിരിയുമായി മുന്നോട്ട് പോവുക

*- ഹെഡ്മിസ്ട്രസ്*

*സി. ലിസ് മരിയ*



# പുലരിയുടെ

# ഹിമബിന്ദുക്കൾ

പ്രപഞ്ചത്തിന്റെ പുളകമാണ്. ഈ തുഷാരബിന്ദുക്കളേറ്റാണ് പ്രപഞ്ചം കണ്ണ് തുറക്കുക . ഈ പുലരിയും ഭാവനയാകുന്ന ഹിമകണങ്ങളാൽ മുദ്രിതയാണ്. മനസ്സാകുന്ന പ്രപഞ്ചത്തെ ഉണർത്താനും ഉന്മേഷഭരിതമാക്കാനും കഴിയുമെന്ന് അവകാശപ്പെടുന്നില്ല . എങ്കിലും മനസ്സിന്റെ കോണിലൊരു ചലനം സൃഷ്ടിക്കാൻ ....... കഴിയില്ലേ ?.....




എങ്കിൽ " പുലരി "

ധന്യയായി








# ആശംസകൾ

കുഞ്ഞുമനസ്സുകൾ ഊതിത്തെളിക്കാൻ തീവ്രമായി ആഗ്രഹിച്ച അക്ഷരക്കൂട്ടങ്ങൾ അർത്ഥങ്ങൾ ആകുകയാണിവിടെ. അഗ്നിയായി ..... ദീപങ്ങളായി ..... വരികളായി ..... വർണ്ണങ്ങളായി പ്രകാശം ചൊരിയുകയാണ് ഇവിടെ. കലയെയും സാഹിത്യത്തെയും പാലൂട്ടി വളർത്തിയ ആർഷഭാരത സംസ്കാരത്തിന്റെ തനിമയുടെമുമ്പിൽ ഒരു നറുങ്ങു വെട്ടമായ് പ്രകാശിക്കട്ടെ നിങ്ങളുടെ ഈ സംരംഭം. ഇതിലെ ഓരോ വർണ്ണങ്ങളുക്കും പിന്നിൽ മറഞ്ഞിരിക്കുന്ന കുരുന്നു ഭാവനയ്ക്കും അനുമോദനങ്ങൾ ..... "പുലരി" യെ മനോഹരി ആക്കാൻ എന്നിൽ പ്രവർത്തിച്ച എല്ലാ കരങ്ങൾക്കും അഭിനന്ദനങ്ങൾ ...... പുറം തോട് പൊട്ടിച്ച് ധീരതയോടെ അനന്തവിഹായസ്സിൽ പറന്നുയരാനുള്ള ഭാവുകങ്ങൾ !!!!!

-മാനേജർ

സി. എൽസ്യൂസ്



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ആഷിദ ഇല്ല്യാസ്

ആർട്ടിസ്റ്റ് :

സഫീന കരീം,

ഫിദ ഫാത്തിമ കെ.റെഫീക്ക്,

ഗൗരി നന്ദന രാജ്ജ,

ലിൻസി ലെനിൻ

എഴുത്തുകൾ :

ആയിഷ നൗറിൻ,

ഹാദിയ ഇഖ്ബാൽ ,

നയ്ന ആൻ ബേബി ,


ദിയ സാജ്ജ

മോഡറേറ്റേർസ് :

ടി.ആഷ്ലി തോമസ്,

ടി. ഡിംബിൾ വർഗ്ഗീസ്


കവർ പേജ് : സൈര ബോബി




# ഇതളുകൾ വിടരുമ്പോൾ...

ഉള്ളടക്കം



ഹിമബിന്ദുക്കൾ..........5
കാർ:..........13
ഡേറ്റയിലോടുന്ന കംപ്യൂട്ടർ..........13
സ്ത്രീ എന്ന ധനം..........14
ശാസ്ത്ര പുരോഗതി ..........16
A quiet place..........19
ചന്ദ്രഗ്രഹണം..........22
ടി.വി.ശത്രുവോ മിത്രമോ?..........24
THE BEAUTIFUL NATURE..........25
താജ് വെണ്ണക്കല്ലിൽ തീർത്ത കണ്ണുനീർത്തുള്ളി..........26
What Am I ?..........28
ഓർമ്മകൾ..........33
MEADOW..........34
POETRY..........35
കത്തു വന്നത് ആനപ്പുറത്ത്..........37
ഗാന്ധിയെന്ന ഗുമസ്തൻ ..........38
കാണാത്ത കരയുണ്ടോ ?..........40
എന്റെ യാത്രാവിവരണം..........42
നീലക്കുറുഞ്ഞികൾ പൂക്കും കാലം..........42
ജീവിതവും മാധ്യമങ്ങളും..........44
ജയ് ഭാരത്..........48
NATURE..........49
THOUGHT..........49
മറുലോകം ..........50
-*ഹാദിയ ഇഖ്ബാൽ* വിയറ്റ്നാമിലെ..........51
ഗോൾഡൻപാലം..........51
ക്വിസ്..........54
എന്റെ റോസാപ്പൂവ്..........71





ചിഞ്ചു....................................................................................................................72
ആരാണ് പിതാവ് ?........................................................................................................73
THE TIME........................................................................................................................75
*BIRTHDAY WISHES IN DIFFERENT LANGUAGES*.......................................................76
അഗ്നിദേവൻ..............................................................................................................77
NEWTON'S LAW............................................................................................................78
അമ്പിളിമാമൻ മാനത്ത്..............................................................................................79
അമ്മൂമ്മയും കൊതിയൻ ഭൃതങ്ങളും..........................................................................80
ഡോഗ് ഫാഷൻ............................................................................................................82
ഉപകാരമില്ലാത്ത ഒന്നുമില്ല.........................................................................................83
എത്ര മിഠായി, എത്ര പാത്രം..........................................................................................84
തൊലിപ്പുറത്തെ പാട്ട്...................................................................................................85
അയൺ ക്വീൻ................................................................................................................86
ഹി ഹി ഹി....................................................................................................................87
PAST ,PRESENT AND FUTURE......................................................................................88
കടംകഥകൾ.................................................................................................................89
കുറുമ്പിതത്ത...............................................................................................................91
SUCCESS AND FAILURE...............................................................................................92
വേർപ്പാട്.....................................................................................................................93
ഞാനറിയാതെ ഒരു......................................................................................................94
കൂട്ടുകാരി...................................................................................................................94
ഉദ്ധരണികൾ...............................................................................................................96
*അമ്മ മലയാളം*..........................................................................................................*97*
ശാന്തത......................................................................................................................99
എന്റെ വിദ്യാലയം......................................................................................................100
മഴച്ചൊല്ലുകൾ...........................................................................................................101
മലയാളത്തിൽ ആദ്യം.................................................................................................102
THINK A WHILE...........................................................................................................103
*THE LITTLE PLANT*....................................................................................................104
അമ്മ.........................................................................................................................105
മലിനമാക്കപ്പെടുന്ന പ്രകൃതി......................................................................................106
ക്വിസ്........................................................................................................................107
QUIZ..........................................................................................................................108
പ്രാർത്ഥന...................................................................................................................109
വായനയുടെ പ്രാധാന്യം..............................................................................................110
Meaning of our National Anthem word by word..........................................................111



മലയാളവും ക്ലാസിക്കൽ....113
പദവിയും....113
കേരളം ഒറ്റനോട്ടത്തിൽ....114
*എന്റെ കലാലയം*....116
പാരിന്റെ നന്മയ്ക്കത്രേ....117
ഫ്ളാഷ് ബാക്ക്....118
JULIAN DILLER....120
നാവ് വഴങ്ങുമോ ?....121
തുടിതാളം തേടി....123
തിരിഞ്ഞു പായുന്ന....124
ചൊവ്വ....124
നന്മ....126
*കുമാരനാശാൻ*....127
തിരണ്ടി....129
ഹനുമാനെ കാണാൻ....130
ഭീമൻ കൊക്ക്....131
നീരാളി റോബട്ട്....132
വല്ലതും കുറയുമോ....133
ഹയ്യയ്യോ മരമല്ല....134
Conquering the World....135
മുന്തിരിപ്പഴം പോലെ ഉപഗ്രഹം....136
Friend Ships Goals....137
LOVE OF MY MOTHER....138
പൂമ്പാറ്റ വിശേഷങ്ങൾ....139
വീട്ടുകാരൻ റോബട്ട്....141
സൂര്യനെ അറിഞ്ഞ അപ്പൂപ്പൻ....143
THE NIGHT....144
സ്നേഹത്തണൽ....145
സിനിമയിലെ മീൻ....146
ചിരിവിടരുമ്പോൾ....147
Powerful quotes....148
നാ ബൾബ്....149
പിൻ ബുദ്ധി....150
*ലോകവനിതാ ദിനം*....151
തെരുവു ബാല്യം....153



An Unforgettable Childhood....154
DREAMS WITHOUT WINGS....155
നിക്കോള ടെസ്ല....160
ഫലിതം....161
ലോകത്തിൽ....162
ആദ്യം....162
മനുഷ്യകഥാനുഗായികൾ....164
എന്റെ സുന്ദര ഗ്രാമം....165
*ഒത്തിരി നന്ദി*....166



# കാർ:

## ഡേറ്റയിലോടുന്ന കംപ്യൂട്ടർ

നാലു ചക്രങ്ങൾക്കു മുകളിലുള്ള സൂപ്പർ കംപ്യൂട്ടർ ആണ് പുതുതലമുറ കാർ.വെറുമൊരു യാത്രയെന്നുപരി,ഓഫീസിൽ നിങ്ങൾക്കു സാധ്യമാകുന്നതെല്ലാം കാറിലൂടെ നിർവഹിക്കാം. നിങ്ങളുടെ താത്പര്യമനുസരിച്ച് പ്രവർത്തിക്കുന്ന സ്മാർട്ട് ഗാഡ്ജറ്റായി മാറി കാറുകൾ.


### *ഇ-കൊമേഴ്സ് മുതൽ ഓട്ടമേഷൻ വരെ

ചില രസികൻ കാറുകൾ കാണുമ്പോൾ ചോദിക്കാറില്ലേ ഇതു പറഞ്ഞു ചെയ്യതാണോയെന്ന്.തമാശയല്ല,നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ഓർഡർ ചെയ്ത് കാറുകൾ നിർമ്മിച്ചെടുക്കാം .ആമസോണിലൂടെ പുസ്തകം വാങ്ങുന്നതു പോലെ കാറും **ഇ-കൊമേഴ്സിലൂടെ** വാങ്ങാം.നിങ്ങളുടെ **ഇഷ്ടങ്ങൾ തിരഞ്ഞെടുക്കാം...**



*- ആദില ബഷീർ - IX B*

# സ്ത്രീ എന്ന ധനം..




മായ അന്ന് വലിയ സന്തോഷത്തിലായിരുന്നു. അവളുടെ ആഹ്ലാദനിമിഷങ്ങൾ അവൾ എല്ലാവരുമായി പങ്കുവച്ചു.അഖിലേന്ത്യ പരീക്ഷയിൽ വിജയിച്ചതിന്റെയായിരുന്നു ആ ആഘോഷം.പത്താം റാങ്ക് അവളുടെ വറ്ഷങ്ങളുടെ പരിശ്രമം സഫലമായിതീർന്നിരിക്കുന്നു.ഇനി മായയ്ക്ക് പഠിക്കാം...

അവൾ ആഗ്രഹിച്ചതിലും അധികമായി. ഇങ്ങനെയൊക്കെ പ്രതീക്ഷിച്ചാണ് അവൾ വീട്ടിലെത്തിയത്. അപ്പോൾ, അതാ രണ്ടതിതികൾ. മായയ്ക്ക് കാര്യം പിടികിട്ടിയില്ല. അവൾ അകത്ത് കടന്നു.

കയറി ചെന്നപ്പോൾ അവൾ അമ്മയുടെ മുഖഭാവം ശ്രദ്ധിച്ചു. പുറത്തിരുന്നവരെപ്പറ്റി തിരക്കി. അപ്പോൾ അമ്മ അവളോട് വസ്ത്രം മാറുവാൻ ആവശ്യപ്പെട്ടു. അവൾ അതനസരിച്ചു. പിന്നീട് അവൾ ആ സത്യം

മനസ്സിലാക്കി. തന്റെ വിവാഹം അവളുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും

വിഘ്നം സൃഷ്ടിച്ച് മാതാപിതാക്കൾ അതാലോചിച്ചു.

മായ മുറിക്കകത്ത് കയറി കതകടച്ചു. തന്റെ അഭിപ്രായത്തിന് അവർ വിലകൽപ്പിച്ചില്ല. ഇനി സ്ത്രീധനത്തിന് വേണ്ടി അവർ നെട്ടോട്ടമോട്ടും. മായ ചിന്തിച്ചു. ആ രാത്രിയുടെ യാമങ്ങളിൽ അവളുടെ അച്ഛന്റെ ഉപബോധമനസ്സിൽ കറെ ചിന്തകൾ ഉളവായി.

താൻ അവളെ കൊടുക്കുന്നു. അവരുടെ പക്കൽ നിന്നേറ്റ പീഢനങ്ങളിൽ തന്റെ മകൾ നിസ്സഹായയായി മാറുന്നു. സ്വപ്നത്തിലായിരുന്നെങ്കിലും ആ ദൃശ്യം അയാളെ സ്പർശിച്ചു. അയാളുടെ നെഞ്ച് കലങ്ങി.

ചാടി എഴുന്നേറ്റ അയാളുടെ മനസ്സിൽ "സ്ത്രീ തന്നെയാണ് മഹാധനം എന്ന ബോധം അങ്കുരിച്ചിരുന്നു. ഇനിയാരുടെയും മാതാപിതാക്കൾ തങ്ങളെ പോലെ പെരുമാറരുതെന്ന് അദ്ദേഹം പ്രാർത്ഥിച്ചു. മകളുടെ വിവാഹം ഇപ്പോൾ വേണ്ടെന്ന് അയാൾ തീരുമാനിച്ചു.

– അബിന സാദത്ത്
-IX B



# ശാസ്ത്ര പുരോഗതി ...

നാം ജീവിക്കുന്നത് ശാസ്ത്രയുഗത്തിലാണ്. അനുദിനം പുരോഗമിച്ച് കൊണ്ടിരിക്കുന്ന ഒരു ലോകമാണ് നമ്മുടേത്. മനുഷ്യന്റെ ബുദ്ധിശക്തിയുടെ പ്രകടനമാണ് ശാസ്ത്ര നേട്ടങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. വാഹനങ്ങളുടെ കാര്യം തന്നെ എടുക്കാം. കാളവണ്ടി യുഗത്തിൽ നിന്നുള്ള വളർച്ച എത്രപെട്ടെന്നാണ് പട്ടുകുറ്റൻ വിമാനങ്ങൾ മാത്രമല്ല ശബ്ദത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ വരെ ഇന്ന് നിലവിലുണ്ട്. ലോകത്തിന്റെ ഏത് മുക്കിലും മൂലയിലും ചെന്നെത്താവുന്ന ഗതാഗത സൗകര്യങ്ങൾ ആയിക്കഴിഞ്ഞു.

ഇലക്ട്രോണിക് രംഗത്തെ മുന്നേറ്റം ആരേയും അത്ഭുതപ്പെടുത്തും. കമ്പ്യൂട്ടറുകളെല്ലാം നിശ്ചയിക്കുന്ന യുഗമാണിത്. അപകടകരമായ ജോലി ചെയ്യാൻ കഴിവുള്ള യന്ത്രമനുഷ്യൻ വലരെ വിലപ്പെട്ടതാണ്. വീട്ടുജോലികൾ ലഘൂകരിക്കുന്നതിനും ശാസ്ത്രം വളരെയധികം സഹായിച്ചിട്ടുണ്ട്. നമ്മുടെ അടുക്കളയിലെ കാര്യം



തന്നെ ഉദാഹരണമാണ്. അലക്കാനും അരയ്ക്കാനും നാം യന്ത്രം ഉപയോഗിക്കുന്നു. പാചകഗ്യാസ്, ഇലക്ട്രിക് സ്റ്റൗ തുടങ്ങിയവ വീട്ടമ്മമാരുടെ ജോലി വളരെയധികം ലഘൂകരിക്കുന്നു.

ലോകത്ത് എവിടെയും ഏവരോടും സംസാരിക്കാൻ പാകത്തിന് നമ്മുടെ ടെലിഫോൺ സംവിധാനം വികസിച്ചിരിക്കുന്നു. ലോകത്തെവിടെ നടക്കുന്ന സംഭവങ്ങളും നേരിട്ട് കാണുന്നതിന് ടെലിവിഷൻ സഹായിക്കുന്നു.

ആകാശ ഗോളങ്ങളെ കുറിച്ചുള്ള പഠനം സമീപകാലത്ത് പുരോഗതി പ്രാപിച്ചിട്ടുണ്ട്. ബഹിരാകാശത്ത് ദിവസങ്ങളോളം താമസിക്കുവാൻ റഷ്യാകാർക്ക് സാധിച്ചു. ചന്ദ്രനിൽ പോയത് പോലെ തന്നെ പല ആകാശ ഗോളങ്ങളിലും മനുഷ്യൻ താമസിയാതെ കാലുകുത്തുമെന്നും ശാസ്ത്ര പുരോഗതി വിലയിരുത്തുമ്പോൾ നമുക്കു മനസ്സിലാകും.

ശാസ്ത്രം പല രംഗങ്ങളിലും ദോഷം ചെയ്യുന്നുണ്ട് എന്ന വസ്തുത വിസ്മരിക്കാനാവില്ല. പട്ടണങ്ങളും വാഹനങ്ങളും വർദ്ധിക്കുന്നതനുസരിച്ച് അപകടങ്ങളും വർദ്ധിക്കുന്നു. വൈദ്യുതിക്കു പകരം ആണവോർജ്ജം ഉപയോഗിക്കുന്നതു നിമിത്തം ഊർജ്ജ പ്രതിസന്ധി പരിഹരിക്കാം. പക്ഷെ അതിന്റെ



അപകട സാധ്യത എത്രയോ വലുതായിരിക്കും .


ശാസ്ത്ര പുരോഗതിയിൽ നാം ആഹ്ലാദിക്കുമ്പോൾ ഈ പുരോഗതി മനുഷ്യരാശിയുടെ നാശത്തിന് വേണ്ടി



ഉപയോഗിക്കപ്പെടുകയില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മനുഷ്യന്റെ കഴിവുകൾക്ക് പരിധിയുണ്ട്. ദൈവത്തിന്റെ ശക്തി മനസ്സിലാക്കേണ്ടതുമുണ്ട്. ശാസ്ത്ര പുരോഗതി മനുഷ്യന് ആവശ്യമാണ്. പക്ഷെ നാം അതിൽ അഹങ്കരിക്കരുത്. മനുഷ്യരാശിയുടെ ഉന്നമനം തന്നെ ആയിരിക്കണം ശാസ്ത്രത്തിന്റെ ലക്ഷ്യം .

-അലീന അനിൽ

-IX B




## A quiet place

ഈ കഥ നടക്കുന്നത് 2020 ലാണ്. കാഴ്ച്ചശക്തിയില്ലാത്ത അന്യഗ്രഹജീവികൾ ഭൂമി ആക്രമിച്ചു. കണ്ണില്ലെങ്കിലും നല്ല കേൾവിശക്തിയുള്ളവരായിരുന്നു അവർ. ശബ്ദം കേട്ട് ഇരയെ ആക്രമിച്ച് തകർക്കുന്ന ഭീകരജീവികൾ!

അവരിൽ നിന്ന് രക്ഷപെടാനായി, ശബ്ദമുമ്ടാക്കാതെ ആംഗ്യഭാഷയിൽ മാത്രം സംസ്രിച്ചു കഴിയുകയാണ് ഒരു കുടുംബം.

ലീ,ഭാര്യ ഈവ്ലിൻ,അവരുടെ മക്കളായ റീഗൻ,ബിയു.മാർക്കസ് എന്നിവരാണ് ആ വീട്ടിലുള്ളത്.ഇവരിൽ റീഗൻ എന്ന പെൺകുട്ടിക്ക് കേൾവിശക്തിയില്ല. ഒരു ദിവസം ലീ ഒരു കളിപ്പാട്ട റോക്കറ്റ് മക്കൾക്കു നൽകി. ഒച്ചയുണ്ടാക്കാതിരിക്കാൻ അതിന്റെ ബാറ്ററികൾ ഊരിമാറ്റുകയും ചെയ്തു.


പക്ഷെ,കുട്ടികൾ,ബാറ്ററികൾ തിരകെയിട്ട് റോക്കറ്റ് ഓണാക്കി.ആ ശബ്ദം കേട്ട് ഭീകരജീവികൾ



**അവിടെയെത്തി.അതൊരു വലിയ ദുരന്തത്തിന്റെ തുടക്കമായിരിന്നു.**

**ശബ്ദമുണ്ടാക്കുന്നവരെ കൊന്നൊടുക്കുന്ന ഭീകരജീവികളും അവരിൽ നിന്ന് രക്ഷപെടാൻ ഒരു കുടുംബം നടത്തുന്ന ശ്രമമാണ്എ ക്വറ്റ് പ്ളേസ് എന്ന ഹൊററർ സിനിമയുടെ കഥ.**

**ശരിക്കും പേടിപ്പിക്കുന്ന ഈ സിനിമ സംവിധാനംചെയ്തത് ജോൺ ക്രാസിൻസ്കിയാണ്.**








***അലീഷ കെ.എസ് -IX B***


IT





# ചന്ദ്രഗ്രഹണം

ഒരിടത്ത് ഒരു അമ്മയ്ക്ക് രണ്ട് ആൺ മക്കളുണ്ടായിരുന്നു. അവർ ബലവാന്മാരും അഭ്യാസികളും ആയിരുന്നു.ഒരിക്കൽ അയൽ രാജ്യങ്ങളിലും ഒരു സദ്യനടക്കുകയായിരുന്നു.ഭടന്മാർ പെരുബറയടിച്ച് എല്ലാ അയൽ രാജ്യങ്ങളിലും ക്ഷണം അറിയിച്ചു.അങ്ങനെ സദ്യയക്ക് മക്കളെ അയയ്ക്കാൻ അമ്മ തീരുമാനിച്ചു.മക്കൾ രണ്ടുപേരും സദ്യക്ക് പുറപ്പെട്ടു.


സദ്യതുടങ്ങി,ജ്യേഷ്ഠൻ വിഭവങ്ങൾ കണ്ടപാടെ ആർത്തിയോടെ തിന്നാൻ തുടങ്ങി.അനുജനാവട്ടെ ഒന്നും കഴിക്കാതെ ആലോചിച്ചിരിക്കുന്നു.നീ എന്താ നോക്കിയിരിക്കുന്നത്?

ജ്യേഷ്ഠൻ ചോദിച്ചു.ജ്യേഷ്ഠ നമ്മുടെ അമ്മയ്ക്കും ഇതിലൊരു പങ്ക് കൊണ്ടുപോയാലൊ എന്ന് ആലോചിക്കുകയായിരുന്നു.അനുജന്റെ മറുപടികേട്ട ജ്യേഷ്ഠൻ ഇഷ്ടപെടാത്തമട്ടിൽ അനുജനൊന്നു നോക്കിയിട്ട് വീണ്ടും കഴിക്കാൻ തുടങ്ങി.ഈ സമയം അനുജൻ എല്ലാ വിഭവങ്ങളും കുറേശ്ശേ എടുത്ത് ഒളിപ്പിച്ചുവെച്ചു.രണ്ടുപേരും വീട്ടിൽ തിരിച്ചെത്തി.അമ്മ സന്തോഷത്തോടെ മക്കളുടെ അടുത്തെത്തി ചോദിച്ചു.സദ്യ എങ്ങനെയുണ്ടായിരുന്നു

മക്കളെ?അമ്മയ്ക്കെന്താണ് കൊണ്ടു വന്നത്? ഓ! തൃപ്തികരമായി കഴിക്കാൻ ഒന്നും കിട്ടിയില്ല ഈ സമയം അനുജൻ അടുത്തുനിന്ന ഇലപറിച്ച് ഒളിപ്പിച്ചുവെച്ച ഭക്ഷണ സാധനങ്ങൾ ഓരോന്നായി ഇലയിലിട്ടു അത്ഭുതമെന്നുപറയട്ടെ ഇലകളെല്ലാം വെള്ളിപാത്രങ്ങളായി.അവ ഭക്ഷണങ്ങൾ കൊണ്ടു നിറഞ്ഞു കള്ളം പറഞ്ഞ ജ്യേഷ്ഠനെ അമ്മ ശപിച്ചു.നീ കാഞ്ഞും കരിഞ്ഞും പോകട്ടെ ഉടനെ ജ്യേഷ്ഠൻ ഒരു തീഗോളമായി.അനുജനെ നീ തണുത്തും തെളിഞ്ഞും വാ എന്ന് അനുഗ്രഹിച്ചു.ഈ സമയം ജ്യേഷ്ഠൻ ദ്യേഷത്താൽ കത്തി ജ്വലിച്ചുകൊണ്ട് അനുജന് നേരെ തിരിഞ്ഞു.അമ്മ ഇടയ്ക്കുകയറി തടഞ്ഞു.അങ്ങനെയാണ് **ചന്ദ്രഗ്രഹണം** ഉണ്ടായതത്രെ......

*–ആമിന ഷാജി*

*–IX B*




# ടി.വി.ശത്രുവോ മിത്രമോ?



ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ വളർച്ചയുടെ ഫലമായി ലോകം ഇന്ന് പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക്കുതിച്ച്പാഞ്ഞ്കൊണ്ടിരിക്കുകയാണ് .അനന്തവിശാലമായ ഈ ലോകത്തിന്റെ എതുകോണിൽ നടക്കുന്ന ഘതിവിഗതികളും അല്പനേരത്തിനുള്ളിൽ വാർത്തമാധ്യമവാതായനം തുറന്ന് നമ്മുടെ കൺമിുന്നിസെത്തുന്നു.മറ്റേതു മാധ്യമങ്ങളേയും അപേക്ഷിച്ച് ടെലിവിഷൻ നമ്മെ പൂർണ്ണമായി കീഴടക്കിക്കഴിഞ്ഞു. ലോകം ഇന്ന് നമ്മുടെ മുന്നിൽ തുരന്നുവച്ചിരിക്കുന്ന ഒരു പുസ്തകം പോലെയാണ്. ടി.വി. നമ്മുടെ മനസ്സിനെയും നമ്മളുടെ ചിന്തകളെയും അത്രയറ്റ സ്വാധീനിച്ചിരിക്കുന്നു.വിജ്ഞാനവും വിനോദവും വാർത്തകളും അനുനിമിഷം വിളബിത്തരുന്ന ടി.വി. നമ്മുടെ ഉറ്റ മിത്രമാണ്.ഓരൊ രാജ്യങ്ങളിലും നടക്കുന്ന സംഭവങ്ങൾ അപ്പപ്പോൾ നമ്മുടെ മുറിയിലിരിന്ന്ക്കൊണ്ട് കാണുകയും കേൾക്കുകയും ചെയ്യാമെന്ന് ഒരു അത്ഭുതം തന്നെയല്ലെ.........

*–അനഘ എസ്. നായർ*

*– IX D*




## THE BEAUTIFUL NATURE



The light sunshine,
The dew was in a leaf,How
marvellous it looked.
A beautiful butterfly is
sucking nectar from the
flowers
How beautiful it looked.
The flower add the beauty of nature
The marvel of rainbow,
Like the colourful feathers
The everlasting dingle is beautiful
In the turf the zephyr,
Wakes up the romance
The trees are ornaments of nature
The waterfalls are a rare experience
Through the everlasting firmament
Birds are flying
The nature is a gift from god



-അനഘ എസ്. നായർ - IX D



# താജ് വെണ്ണക്കല്ലിൽ തീർത്ത കണ്ണനീർത്തുള്ളി



താജ് നീ എത്ര മനോഹരിയാണ്.മാർവാഡിക്കടയിലെ പളുങ്കുനിർമിത താജ് മഹൽ ശിൽപം കയ്യിലെടുത്തു നോക്കിയപ്പോൾ ഞാനരിയാതെ പറഞ്ഞു പോയി. മുംതാസിന്റെ വിരഹം വെണ്ണക്കല്ലിൽ വിരചിതമാക്കിയ ഈ പ്രണയകാവ്യത്തെ ഒന്നടുത്തരിയണം.മുംതാസിന്റെ വേർപിരിഞ്ഞ സന്ധ്യയിൽ കടൽത്തിരമാലകളോട് പരിദേവനങ്ങൾ പങ്കുവച്ചിരുന്നുവോ?

ഷാജഹാൻ-ബാബർ രാജവംശത്തിന്റെ പ്രതാപം ഉയർത്തിപ്പിടിക്കാൻ അക്ഷിണം പടപൊരുതിയ ചരിത്രപുരുഷൻ. രജപുത്രറാമിയിൽ ജഹാംഗീർ ചക്രവർത്തിക്കുണ്ടായ മകൻ. തനിക്കേറ്റവും പ്രിയപ്പെട്ട കൊച്ചുമകന് അക്ബർ ചക്രവർത്തിയിട്ട പേര് ഖുറം -പേർഷ്യൻ അർത്ഥം സന്തോഷം....



*-അനീഷ എ.സ് -IX B*

*LEARN FROM*


*YESTERDAY*

*LIVE FOR*

*TODAY*

*HOPE*

*TOMORROW*



## What Am I ?



1. A person who tries to do good to mankind ?

Ans:- philanthropist

2. A person who looks at the bright side of things ?


Ans:- optimist



3. A person who looks at the dark side of things ?


Ans:- pessimist

4. A person who knows everything ?



*Ans:- omniscient*

*5. A person who knows many languages ?*



*Ans:- linguist*

*6. A person who believes in fate ?*

*Ans:- fatalist*

*7. A person who is disloyal to his own country ?*



*Ans:-traitor*

-ആര്യനന്ദ മുരളി        -IX B

# തീഗോളം വർഷിക്കുന്ന വണ്ട്..



നിറയൊഴിക്കിന്ന കൃത്യതയോടെ ശത്റുക്കൾ നേരെ തീഗോളം വർഷിക്കുന്ന വണ്ടികളെക്കുറിച്ച് അമേരിക്കയിലെ ശാസ്ത്റജ്ഞന്മാർ പഠനം നടത്തി .'സ്റ്റെപ്റ്റിനസ് ഇൻസിഗ്നിസ്' എന്ന പേരായ വണ്ടുകളാണിവ.

ശത്റുവിന്റെ സാന്നിദ്ധ്യം അറിഞ്ഞാലുടൻ തന്നെ ഈ വണ്ട് നല്ല ചൂടുള്ള വിഷമയമായ ഒരു ദ്രാവകം തന്റെ ശരീരത്തിന്റെ പിൻഭാഗത്ത് നിന്ന് ഉച്ചത്തിലുള്ള ഒരു ശബ്ദത്തോടെ ശത്റുവിന്റെ നേർക്ക് അതി ശക്തിയായി ചീറ്റുന്നു. ചൂടും ചൂരുമുള്ള ഈ പ്റതിഭാസം വെടിവക്കുന്നതിന് സമാനമാണെന്ന് ശാസ്ത്റജ്ഞർ പറയുന്നു.

എഞ്ഞിനാണ് പ്റകൃതി ഇത്തരമൊരപൂർവ്വസിദ്ധി ഈ വണ്ടിന് നൽകിയിരിക്കുന്നതെന്ന് നോക്കാം. ശത്റു അടുത്തെത്തി എന്നറിഞ്ഞാൽപോലും മറ്റ ശലഭങ്ങളെപോലെ ഈ വണ്ടിന് അത്റപെട്ടെന്ന് പറന്നുയരാൻ കഴിയില്ല.

ചിറക് വിടർത്തി പറക്കാനുള്ള ഊർജ്ജം സംഭരിക്കുബോഴേക്കും ശത്റുക്കൾ പാവം വണ്ടിനെവല്ലാതെ ഉഭദ്റവിച്ച് കഴിഞ്ഞിരിക്കും. അപോൾ പിന്നെ രക്ഷപെടാൻ ഇല്ലാതെ മറ്റെന്താണ് പോംവഴി.

വളരെയധികം അസ്വസ്ഥതയുണ്ടാക്കുവാൻ കഴിവുള്ള പി.ബെൻഡോക്വിനോൺസ് എന്ന സംയുക്തമാണ് ഈ വണ്ട് വർഷിക്കുന്ന

ദ്രാവകത്തിലടങ്ങിയിരിക്കുന്നത്.

ഈ പൊട്ടിത്തെറിക്കുന്ന ദ്രാവകം വണ്ടിന്റെ ഉദരത്തിൽ പ്രത്യേക അറയിലാണ് സംഭരിച്ച് വച്ചിട്ടുള്ളതും. എങ്കിൽ മാത്രമേ ഇവ വേഗത്തിലും അത്യുഷ്ണാവിലും പുറത്തേക്ക് ചീറ്റാൻ കഴിയുകയുള്ളൂ. ദ്രാവകം തുപ്പുന്ന വേളയിൽ ഈ വിരുകൻ വണ്ടിനെതൊട്ടാൽ തന്നെ പൊള്ളുകയും ചെയ്യും.



*-ആഷിദ ഇല്ല്യാസ്*

*IX D*

# ഓർമ്മകൾ


അലയാഴിതൻ ജലകണങ്ങളെല്ലാം
വിരഹത്തിൻ ബാഷ്പമായി
നീയെൻ മിഴികളെ നനച്ചാലും
എന്നുമുണ്ടല്ലോയെനിക്കൊരാ-
യിരമോർമ്മകൾ...

മാരിവില്ല് മാനത്തുനിന്നകന്നാലും
മുത്തുപോലെയവയെന്നും വിടർന്നിട്ടും
ഒരു മഴക്കാലത്തിൻ മധുരസ്മരണയായ്...
ഒരു വസന്തകാലത്തിനന്ത്യ-
മാണെന്നീ ദിനമെന്നിൽ
ഇനിയെന്നുമകതാരിൽ




ഓർമ്മകൾ പൊഴിയുന്ന ശിശിരം
നീ തന്നെ നിനക്ക് കാവലെ-
ന്നോതിക്കൊണ്ടെല്ലാരുമെങ്ങോ
പോയ്മറഞ്ഞു...
മഞ്ഞുകാലത്തിൻ മാർദ്ദവമേൽ-
ക്കുവാനിനി ഇവളെന്നുമേകയായ്....

*-അയിഷ താജുതീൻ*
*IX C*



## MEADOW



*Meadow is the green carpet of nature,*
*Every one likes to sit on it.*
*Enjoy the beautiful of its grass,*
*That grow together united.*

*All children like to go to meadow,*
*People spend their evening time with it.*
*Cows graze in it all the while,*
*Butterflies fly on it always.*




*Have you ever enjoyed its beauty?*
*If not, do it once in life time.*
*It's the beauty of nature,*
*God created with much care.*

*People sit on it watching the river,*
*To lessen their tension of the day.*
*They go back with a refreshed mind,*
*Thanking the beautiful meadow.....*

-ബീമ ബി. തെക്കേക്കര


*IX D*



## POETRY

***And it was at that age..... poetry arrive***
***in search of me.***
***I don't know where it came from;***
***from winter or a river***
***I don't know how or when,***
***No they were not voices they were not***
***words nor silence,***
***But from a street I was summoned from the***
***branches of night***
***abruptly from the***
***other.***
***Among violent fires***
***or returning alone***
***there I was without***
***a face and it touched me. I did not know***
***what to say my mouth had no waywith***
***names***






***my eyes were blind and something started in my soul fever or forgotten wings and I made my own way deciphering that fire and I wrote the first faint line, faint without substance, pure nonsense pure wisdom of someone who knows nothing***

***and suddenly,***




***I saw the heavens unfastened and open planets, palpitating plantation shadow perforated riddled with arrow fire and flowers the winding night the universe. And I infinitesimal being drunk with the great starry void likeness image of mystery felt myself a pure part of the abyss I wheeled with the stars my heart with broke the loose on the wind.***

-ദിയ സാജു IX D



# കത്ത് വന്നത് ആനപ്പുറത്ത്..


1851-ൽ ഇംഗ്ലണ്ടിൽ ഒരു വലിയ പ്രദർശനം നടന്നു. ഇതിനായി അന്നത്തെ തിരുവിതാംകൂർ രാജാവ് ഒരു സിംഹാസനം അയച്ച് കൊടുത്തിരുന്നു. അതിനു നന്ദി പറഞ്ഞു കൊണ്ട് ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞി രാജാവിന് കത്തെഴുതി.



ബ്രിട്ടീഷ് രാജ്ഞിയുടെ കത്തല്ലേ വരുന്നത് ! ഗംഭീരമായി കത്തിനെ സ്വീകരിക്കാൻ തിരുവിതാംകൂർ രാജാവ് തീരുമാനിച്ചു.

തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന ഏറ്റവും വലിയ ആനയുടെ പുറത്ത് വെള്ളിപ്പേടകത്തിലാണ് കത്ത് കൊട്ടാരത്തിലേക്ക് കൊണ്ട് വന്നത്. വഴി നീളെ വാദ്യഘോഷങ്ങളുമായി പട്ടാളക്കാർ അണിനിരന്നിരുന്നു. കത്ത് വായിക്കാൻ ഒരു മണ്ഡപം തന്നെ അന്ന് രൂപകല്പന ചെയ്തിരുന്നത്രേ !

*-ദൃശ്യ സുബാഷ് IX B*



# ഗാന്ധിയെന്ന ഗൃഹസ്ഥൻ ..

ദക്ഷിണാഫ്രിക്കയിൽ,ഇന്ത്യക്കാർക്കായി ഒരുപാട് സമരങ്ങൾ നടത്തിയ ശേഷം ഗാന്ധി ഇന്ത്യയിലെത്തിയ കാലം. ഇന്ത്യൻ നാഷ്ണൽ കോൺഗ്രസിൽ പ്രവർത്തിച്ച് സ്വാഗാന്ധിയെന്ന ഗൃഹസ്ഥൻ ..തന്ത്ര്യസമരത്തിലേക്ക് ഇറങ്ങാൻ യുവാവായ ഗാന്ധി തീരുമാനിച്ചു. ഒരു ദിവസം, കൽകട്ടയിലെ കോൺഗ്രസ് ഓഫീസിലേക്കു കയറിചെന്ന ഗാന്ധി ഓഫീസ് സെക്രട്ടറിയോട് പറഞ്ഞു : “ഞാൻ രാജ്യ സേവനത്തിനായി ഇറങ്ങിയ ഒരാളാണ്. എന്താണ് ഞാൻ ചെയ്യേണ്ടത്?” അല്പം ആലോചിച്ച് സെക്രട്ടറി പറഞ്ഞു. “നിങ്ങളെ ഏൽപ്പിക്കാൻ എന്റെ കൈയ്യിൽ ജോലിയൊന്നുമില്ല. നിങ്ങൾ ഘോഷാൽ ബാബുവിന്റെയടുക്കൽ പോയി നോക്കൂ.” കൽകട്ടയിലെ വലിയ കോണ്ഗ്രസ് നേതാവായിരുന്ന ഘോഷാൽ ബാബു. മുറിയുടെ മൂലയിൽ കൂട്ടിയിരിക്കുന്ന ആയിരക്കണക്കിന് കത്തുകൾ കാണിച്ചുകൊടുത്തിട്ട്



ഘോഷാൽ ചോദിച്ചു : “രാജ്യത്തിന്റെ പല ഭാഗത്തുനിന്നും ആളുകൾ അയയ്ക്കുന്ന ആ കത്തുകൾ വായിച്ചു മറുപടി അയയ്ക്കണം . അതാണ് താങ്കളുടെ ജോലി. ചെയ്യാമോ?” ഗാന്ധി സന്തോഷത്തോടെ സമ്മതിച്ചു. അങ്ങനെ, കത്തുകൾക്കു മറുപടിയെഴുതുന്ന ഗൃഹസ്ഥനായി അദ്ദേഹം.

താൻ മുറിയുടെ മൂലയ്ക്ക് കത്തയയ്ക്കാൻ ഇരുത്തിയ


ആൾ ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാരുടെ അവകാശങ്ങൾക്കായി പൊരുതിയ മഹാനായ ഗാന്ധിയാണെന്ന് ഘോഷാൽ പിന്നീടാണ് അറഞ്ഞത്. അദ്ദേഹം വേഗം ഗാന്ധിയോട് മാപ്പ് പറഞ്ഞു. അപ്പോൾ ഗാന്ധി പറഞ്ഞു: "താങ്കൾ വിഷമിക്കേണ്ടതില്ല. ഇവിടെ സേവനമനുഷ്ഠിക്കാൻ അവസരം തന്നതിനു ഞാൻ നന്ദി പറയുന്നു."



ഗോപാലകൃഷ്ണ ഗോഖലെ അടക്കമുള്ള വലിയ നേതാക്കളെയെല്ലാം ഗാന്ധി പരിചയപ്പെട്ടത് കൽകട്ടയിലെ ആ ഗുമസ്ത ജോലിയിലാണ്. സാധാരണക്കാരനായ ഗാന്ധി. ഇന്ത്യയിലെ കോടിക്കണക്കിന് മനുഷ്യരുടെ നേതാവായ . "മഹാത്മാഗാന്ധി ." ആയതിന്റെ തുടക്കവും ആ ഗുമസ്തപ്പണിയായിരുന്നു.



*-ദൃശ്യ സുബാഷ്*
*IX B*



# കാണാത്ത കരയുണ്ടോ ?

പൊങ്ങച്ചകാരനായൊരു മീനായിരുന്നു ഗിൽബർട്ട്. ആഴക്കടലിലാണ് അവന്റെ താമസം. ലോകത്തെ എല്ലാ കടലുകളിലും ഗിൽബർട്ട് യാത്രചെയ്തിട്ടുണ്ട്. അതിന്റെ അഹങ്കാരവും അവനുണ്ട്. തന്റെയത്ര ലോകപരിചയം ആർക്കുമില്ല–അതാണ് അവന്റെവിചാരം ! ഒരിക്കൽ, ഗിൽബർട്ട് ഒരു സദസ്സിൽ ഗമയിൽ പ്രസംഗിക്കുകയായിരുന്നു.



അപ്പോൾ ഒരു കുഞ്ഞു മീൻ ഒരു സംശയം ചോദിച്ചു: “കര എന്നൊരു സ്ഥലമുണ്ടെന്നും അവിടെ വെള്ളമില്ലാതെ ശ്വസിക്കുന്നവരുണ്ടെന്നും എന്റെ അപ്പൂപ്പൻ പറഞ്ഞു. ശരിയാണോ?” ചോദ്യം കേട്ട് ഗിൽബർട്ട് പൊട്ടിച്ചിരിച്ചു "ഹ....ഹ... തന്റെ അപ്പൂപ്പനൊരു മണ്ടൻതന്നെ. കടലായ കടലെല്ലാം ചുറ്റിക്കറങ്ങിയ ഞാൻ ഇതുവരെ വെള്ളമില്ലാത്തനാടു കണ്ടിട്ടില്ല. വെള്ളമില്ലാതെ ആർക്കും ശ്വസിക്കാൻ പറ്റില്ല

'' ഗിൽബർട്ടിന്റെ കളിയാക്കിയുള്ളമറുപടി കേട്ട് കുഞ്ഞുമീൻ സങ്കടപ്പെട്ട് അവിടെതന്നെയിരുന്നു.
ഇതെല്ലാം കണ്ടു നിൽക്കുകയായിരുന്ന ഒരു അപ്പൂപ്പൻ ഞണ്ട് പെട്ടെന്ന് എഴുന്നേറ്റു പറഞ്ഞു : “വെള്ളമില്ലാത്ത,കര എന്നൊരു സ്ഥലം ഭൂമിയിലുണ്ട് .”ഇതുകേട്ട് ഗിൽബർട്ട് ചിരിച്ചു : “ഇത് നിങ്ങളുടെ അപ്പൂപ്പൻ പറഞ്ഞതാവും, അല്ലേ ? അതോ, സ്വപ്നം കണ്ടതോ? ഹ.....ഹ...” “രണ്ടുമല്ല .”ഞണ്ട് പറഞ്ഞു . “പിന്നെ എവിടുന്നു കിട്ടി, ഈ നുണ?” ഗിൽബർട്ട് ചോദിച്ചു അപ്പൂപ്പൻ ഞണ്ട് ശാന്തനായി പറഞ്ഞു : “ഞാനവിടെ പോയിട്ടുണ്ട്; പലതവണ!”



എല്ലാവരും ഞെട്ടിപ്പോയി.
അപ്പൂപ്പൻ ഞണ്ട് തുടർന്നു : “ വെള്ളമില്ലാതെ ശ്വസിക്കുന്ന ജീവികൾ അവിടെയുണ്ട്. ഇദ്ദേഹം ഒരിക്കലും കടലിന്റെ മുകൾ പരപ്പിലേക്കു പോയിട്ടില്ല. അതുകൊണ്ടാണ് കര കാണാതിരുന്നത്. എത്ര വലിയവർക്കും അറിയാത്ത സത്യങ്ങൾ ഈ ഭൂമിയിലുണ്ട് .”

*–എസ്തേർ ജൈൻ IX D*


# എന്റെ യാത്രാവിവരണം...

## നീലക്കുറുഞ്ഞികൾ പൂക്കും കാലം...

പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറുഞ്ഞികൾ ഇത്തവണ പൂത്തിട്ടുണ്ടെന്നറിഞ്ഞ് ഞാൻ കുടുംബത്തോടൊപ്പം മൂന്നാറിലേക്ക് യാത്രതിരിച്ചു. പുലരും മുമ്പ് വീട്ടിൽനിന്നിറങ്ങിയ ഞങ്ങൾ മൂന്നാറിൽ എത്തിയപ്പോഴേക്കും പുകമഞ്ഞ് മാറിവരുന്നതേയുള്ളൂ. വാഹനത്തിൽ നിന്നിറങ്ങി നീലക്കുറുഞ്ഞികൾ പൂത്തുനിൽക്കുന്ന



മലയിലേക്ക് നടന്നുനീങ്ങി. നടന്നുനടന്ന് എത്തിയത് വലിയൊരു കുന്നിന്റെ ചുവട്ടിലാണ് വല്ലാതെ അണച്ചുപോയി അടുത്തുകണ്ട പാറയിലിരുന്നു. ചുറ്റുംനോക്കി. പട്ടുകുറ്റൻ പാറക്കെട്ടുകളും മരങ്ങളും തിങ്ങിനിൽക്കുന്ന മലകൾമാത്രം. ഇലകൾക്കിടയിലൂടെ സൂര്യൻ ഒളിഞ്ഞുനോക്കിയത് എന്നെക്കാണാനാവും. ഇരുട്ടിന്റെ




പാട മാറിവരുന്നതേയുള്ളൂ കാവൽനിൾക്കുവന്ന കൂറ്റൻ മലകൾക്കു നടുവിൽ നീലക്കുറുഞ്ഞിപ്പൂക്കളുടെ ഒരു കുന്ന്. ഒരിലപോലും കാണാനില്ല. ഇതളുകളിൽ ഒട്ടിനിൽക്കുന്ന മഞ്ഞുതുള്ളികൾക്ക് മുത്തുകളുടെ തിളക്കം

ചരിവുകളിൽ കുടവിരിച്ചുനിൽക്കുന്ന മരങ്ങളുടെ ഇലത്തുമ്പുകളിൽ മഞ്ഞുമുത്തുകൾ തിളങ്ങുന്നു. പന്ത്രണ്ട് വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറുഞ്ഞി ഇതാ എനിക്കുവേണ്ടി ഒരുകുന്നോളം പൂക്കളുമായി എന്റെ മുന്നിൽ. ജീവിതത്തിൽ ഇത്ര മനോഹരമായ ഒരു കാഴ്ച ആദ്യമായാണ് കാണുന്നത് . ഇത്രയും പൂക്കൾ ഒരുമിച്ച് കണ്ടില്ല

പതുക്കെ അടുത്തുചെന്നു കാഴ്ചക്കാരെ കണ്ട സന്തോഷം കൊണ്ടാവാം പൂക്കൾ പതുക്കെ തലയാട്ടി. ഒന്നു തൊടാൻ കൊതിതോന്നി ........ വേണ്ട, സ്പർശം കൊണ്ടുപോലും ഈ അനർഘസൗന്ദര്യത്തെ നോവിക്കരുത്. മനസ്സ വിലക്കി. കണ്ണുചിമ്മാതെ നോക്കിനിന്നു വർഷങ്ങൾ കഴിഞ്ഞിട്ടും ആ സൗന്ദകാഴ്ചയുടെ നിറം അല്പം പോലും മങ്ങാതെ ഇപ്പോഴും എന്റെ മനസ്സിലുണ്ട്.

*–ഫാത്തിമ ജന്നത്ത് റ്റി എൻ*
*IX D*




# ജീവിതവും മാധ്യമങ്ങളും.....




മാധ്യമങ്ങളുടെ വർദ്ധമാനമായ സ്വാധീനത്തിലാണ് നാം. ആശയവിനിമയം മനുഷ്യന് എന്നും ആവശ്യമാണ്. അതില്ലാതെ സമൂഹജീവിതത്തിന് കെട്ടുറപ്പ് ഉണ്ടാവുകയില്ല. അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും ഇന്ന് വളരെയധികം സ്വാധീനം വ്യക്തികളിലും സമൂഹത്തിലും ചെലുത്തുന്നുണ്ട്. പത്രം, ടെലിവിഷൻ, റേഡിയോ, കമ്പ്യൂട്ടർ ആദിയായവ നമ്മുടെ ഹൃദയങ്ങളെ പിടിച്ച് കുലുക്കുന്നു. അതായത് ഇന്നിന്റെ വിശേഷങ്ങൾ അറിയണമെങ്കിൽ ഇവയെല്ലാം കൂടിയേ തീരൂ. വിജ്ഞാന പെരുമഴയാണ് ഈ മാധ്യമങ്ങൾ നമുക്ക് നൽകുന്നത്. വിജ്ഞാനത്തോടൊപ്പം ലോകത്തിന്റെ വിശേഷങ്ങളും ചിന്താഗതികളും നമുക്ക് സ്വായത്തമാക്കാൻ സാധിക്കുന്നത് മാധ്യമങ്ങളിലൂടെയാണ്.

മാധ്യമങ്ങൾ ഏറെ സ്വാധീനിക്കുന്നത് കുട്ടികളെയാണ്. പഠനരംഗത്ത് വളരെ പ്രതീക്ഷ നിർഭരമായ സംഭാവനയാണ് മാധ്യമങ്ങൾ നൽകുന്നത്. എന്നാൽ ഈ മാധ്യമങ്ങൾ



തന്നെ ചിലപ്പോൾ വില്ലനായും പ്രത്യക്ഷപ്പെടാറുണ്ട്. നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഈ മാധ്യമങ്ങളെ സംബന്ധിച്ച് ശരിയായ ബോധവത്കരണം ആവശ്യമാണ്. ആധുനിക കാലത്ത് മാധ്യമങ്ങളുടെ അതിപ്രസരം ചർച്ചകൾക്ക് വിധേയമാകുന്നുണ്ട്. എന്നിരുന്നാലും ഇവയില്ലാത്ത ജീവിതം അർത്ഥശൂന്യമാണ്. മോശമായ വസ്തുക്കൾ വിമർശനവിധേയമാക്കണം. എന്നിരുന്നാലും നല്ലതിനെ ചീത്തയിൽ നിന്ന് വേർതിരിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്. സമൂഹത്തിൽ നടമാടുന്ന എല്ലാ ക്രൂരതകളും പൊതുജന ശ്രദ്ധ നേടിയെടുക്കുന്നത് മാധ്യമങ്ങൾ വഴിയാണ്. ചില ചാനലുകൾ നടത്തുന്ന സർവ്വേകളും ചർച്ചകളും കവർ സ്റ്റോറികളും കുറ്റവാളികളെ വെളിച്ചത്ത് കൊണ്ടുവരാൻ സഹായിക്കുന്നു. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ മാധ്യമങ്ങൾ ജനത്തെ സഹായിക്കുന്നു. ഏതൊരു വസ്തുവിനും നന്മയും തിന്മയും ഉണ്ടാകാം. ഇതിന് മാധ്യമങ്ങൾ ഒരു അപവാദമല്ല. സത്യം ലോകത്തെ അറിയിക്കാൻ മാധ്യമങ്ങൾക്ക് പ്രത്യേക ചുമതലയുണ്ട്. മാധ്യമങ്ങൾ ഉപകരണങ്ങളാണെന്നും അത് മനുഷ്യന്റെ ഉപയോഗത്തിനുള്ളതാണെന്നും അത് മനുഷ്യനെ കീഴ്പ്പെടുത്താൻ പാടില്ല എന്നുമൊക്കെയുള്ള




യാഥാർത്ഥ്യം പലപ്പോഴും വിസ്മരിക്കപ്പെട്ടിട്ടുണ്ട്. ഓരോ മതത്തിൽ പെട്ടവർക്കും ആദ്ധ്യാത്മിക ജീവിതം വളരെ പ്രധാനപ്പെട്ടതാണ്. നശ്വരനായ മനുഷ്യൻ അനശ്വരതയെ തേടുകയും ലൗകിക സുഖങ്ങളുടെ മോഹവലയങ്ങളിൽ കുടുങ്ങി അനശ്വരതയെ പുൽകാൻ സാധിക്കാതെ വരികയും ചെയ്യും. ആദ്ധ്യാത്മിക ജീവിതമെന്ന് കേൾക്കുമ്പോൾ വളരെ നിസ്സാരമെന്ന് കരുതുന്നവർ ഇന്ന് ധാരാളമാണ്. കാപട്യം നിറഞ്ഞ ആദ്ധ്യാത്മിക ജീവിതം നയിക്കുന്ന നിരവധി സന്തോഷവാന്മാർ ഇപ്പോഴും നമ്മുടെ സമൂഹത്തിലുണ്ടോ? തീർച്ചയായും ഉണ്ട് എന്നതാണ് ഉത്തരം. ഇവരെ നീധി പീഠത്തിന് മുമ്പിൽ കൊണ്ടുവരാൻ ഏറെ കഷ്ടപ്പെടേണ്ടി വരും. കാരണം ചെമ്മരിയാടിന്റെ തോലണിഞ്ഞ ചെന്നായ്ക്കളാണിവർ. ആദ്ധ്യാത്മിക ജീവിതത്തിന് മാധ്യമങ്ങൾ, പ്രത്യേകിച്ച് കമ്പ്യൂട്ടറും ടെലിവിഷനും ഒരു വെല്ലുവിളി തന്നെയാണെന്ന് പറയാം. ഇത്തരത്തിലുള്ള ഭൗതിക നേട്ടങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ആയതിനാൽ ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ വരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാകുന്നു. മാധ്യമങ്ങൾ ഇന്ന് നമ്മുടെ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾകലാം പറഞ്ഞതനുസരിച്ച് അപകടങ്ങളും യുദ്ധങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും കൊണ്ട് നിറഞ്ഞ് നിൽക്കുകയാണ്.

ഇത്തരത്തിലുള്ള വാർത്തകൾ വായനക്കാരുടെ മാനസികാവസ്ഥയെ പോലും തകർക്കാൻ കഴിവുള്ള രീതിയിലാണ് എഴുതിപ്പിടിപ്പിക്കുന്നത്. പ്രചാരത്തിന് വേണ്ടി വാർത്തകളും വളച്ചൊടിക്കാനും മാധ്യമങ്ങൾ മറക്കുന്നില്ല. ആദ്ധ്യാത്മികതയ്ക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. മാധ്യമങ്ങളിൽ വരുന്ന തെറ്റായ വിശകലനങ്ങൾ നമ്മുടെ ആദ്ധ്യാത്മികതയെ പോലും ചോദ്യം ചെയ്യുന്നു. കമ്പ്യൂട്ടറുകളുടെയും ഇന്റർനെറ്റിന്റെയും അതിപ്രസരം നാം ഇന്ന് അനുഭവിക്കുന്നുണ്ടല്ലോ? മാധ്യമങ്ങൾ നല്ലത് തന്നെ. ഉചിതമായത് തിരഞ്ഞെടുക്കുന്നതിനുള്ള വിവേചനാശക്തി വേണമെന്ന് മാത്രം......





*-ഫാത്തിമ സനം കെ.കെ*
*IX C*



# ജയ് ഭാരത്..

വന്ദേമാതരം വന്ദേമാതരം
വന്ദേമാതരം വന്ദേമാതരം
ചോരതൻ കറകളുടെ
പാപങ്ങളെല്ലാം കഴുകിക്കളഞ്ഞ്
മാനസാന്തരത്തിൻ ചുവടിൽ നിന്ന്
വന്ദേമാതരം എന്ന ശക്തിയേകി
വരുന്നിതാ എൻ മാതൃഭൂമി
ത്യജിക്കുന്നിതാ തൻ പാപഫലങ്ങൾ
ജയ് ഭാരത് ജയ് ജയ് ഭാരത്
ജയ് മാതാ ഭാരത് മാതാ
പതിനായിരങ്ങളുടെ തുണയുമായി
പലനാൾ,പലപേർ,പലതിനായി
ത്യജിച്ചവർ തൻ മൂല്യജീവനുകൾ
മറ്റനേകം ജീവിതങ്ങൾക്കായി...
ഓരോ മൺതരിയിലെ ഉണർവുകൾ
ഓരോ പുതുജീവനിൽ വിതറുവാനിതാ
വരുകയായി ഉജ്ജ്വല സത്യങ്ങൾ
ധീരതതൻ ഉഗ്ര കരങ്ങൾ
ജയ് ഭാരത് ജയ് ജയ് ഭാരത്
ജയ് മാതാ ജയ് ഭാരത് മാതാ
വിഷസർപ്പംപോൽ ഇരുളിൽ
ഇഴയുന്ന,ഭാരതാംബതൻ മക്കളിൽ
അമൃതം ചൊരിയട്ടെ ത്രിവർണ്ണപതാക
ജയ് ഭാരത് ജയ് ജയ് ഭാരത്
ജയ് മാതാ ഭാരത് മാതാ....





# NATURE

## THOUGHT



**Our nature is very beautiful with its mountains, seas,animals,birds,trees,plants, flowers,butter flies etc.... we must have to conserve nature as it is for the coming generations. We must love nature and protect it. This unit will you love nature more.**






*-ഗൗരി നന്ദന രാജു* *IX D*

# <u>മറുലോകം</u> ..



അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ
വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരു ലോതമെന്നു
കരുതുമ്പോഴും.... കൂടുതൽ
പാഴ്
ജന്മങ്ങൾ ഇവിടെ പുഴുക്കളെ
പോലെ
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു
മായാലോകം..




-ഹാദിയ ഇഖ്ബാൽ

# വിയറ്റ്നാമിലെ

## ഗോൾഡൻപാലം..



രണ്ട് വലിയ കുറ്റൻ കൈകളിൽ താങ്ങിനിർത്തിയിരക്കുന്ന ഒരു പാലം ഈ അടുത്തകാലത്ത് പത്രങ്ങളിലും സോഷ്യൽ മീഡയയിലുംമൊക്കെ നിറഞ്ഞ് നിൽക്കുകയാണല്ലോ.വിയറ്റ്നാമിലെ ദേശീയ വിനോദസഞ്ചാരകേന്ദ്രമാണ് ഇപ്പോൾ ഈ പാലം. സെൻഡ്രൽ വിയറ്റ്നാമിലെ മനോഹരമായ കാടുനിറഞ്ഞ കുന്നിലണ് 'ക വാങ്" എന്ന വിയറ്റാമിലെ അറിയപ്പെടുന്ന ഈ പാലം നിർമിച്ചിരിക്കുന്നത്. ഗോൾഡൻ ബ്രിഡ്ജ് എന്നാണ് അറിയപ്പെടുന്നത്. 2018




ആഗസ്റ്റ് 1-ാം തീയതി മുതൽ ഈ പാലത്തിലൂടെ ആളുകൾ യഥേഷ്ടം സഞ്ചാരിച്ചുതുടങ്ങി. കടൽ നിരപ്പിൽ നിന്നും 3280 അടി ഉയരത്തിൽ പണിതീർത്തിട്ടുള്ള ഈ പാലത്തി- ലൂടെ നടന്നാൽ വിയറ്റ്നാമിന്റെ മനോഹര ദ്രശ്യം യാതൊരു തടസ്സവും കൂടാതെ കാണാനാവും ദൈവത്തിന്റെ വലിയ കരങ്ങളിൽ താങ്ങിപ്പിടിച്ചിരിക്കുന്ന സ്വർണ്ണനിറമുള്ള രണ്ട് താങ്ങുകളിൽ ഉറപ്പിച്ചിരിക്കുന്ന പാലംമുഴുവൻ സ്വർണ്ണനിറം പൂശിയിരിക്കുന്നു. 'വൃ വിറ്റ് ആൻ'



എന്ന എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ഈ ഗോൾഡൻ പാലം നിർമ്മിച്ചത്. അടുത്ത പടിയായി വെള്ളി നിറമുള്ള ഒരു പാലം 'ബാ. നാ' മലമുകളിൽ നിർമ്മിക്കാനുള്ള ഒരുക്കത്തിലാണ് വിയറ്റ്നാം ഗവണ്മെന്റും 'വൃ വിറ്റ് ആൻ' എന്ന ശിൽപിയും.

*-ഫിദ ഫാത്തിമ കെ റെഫീക്ക്*





# ക്വിസ്

1.ഇന്ത്യയുടെ ദേശീയപതാകയിൽ വെള്ളനിറം നിർദ്ദേശിച്ചത് ആര് ?

ഉ. മഹാത്മ ഗാന്ധി

2.രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്ന മൂലകം?

ഉ.കാൽസ്യം

3.ന്യൂട്രോൺ ഇല്ലാത്ത മൂലകം?

ഉ.ഹൈഡ്രജൻ




4.പ്രകാശം ഏറ്റവും കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്നത്?


ഉ.ശൂന്യതയിൽ

5.ഇന്ത്യയിൽഷേക്സ്പിയർ എന്നറിയപ്പെടുന്നതാര് ?

ഉ. കാളിദാസൻ

6. ഏറ്റവും കൂടുതൽ ദൂരം സഞ്ചരിക്കുന്ന ദേശാടന പക്ഷി ?ഉ.ആർട്ടിക്ടേൺ


By Riya
SUNNY



# എന്റെ റോസാപ്പൂവ്



**ഇന്നലെക്കാൾ ഇന്നുദിക്കുന്ന സൂര്യനിൽ**

**എൻ മനം ആയിരംപൂക്കൾ വർഷിക്കുന്നു**

**കണ്ണീരില്ലാ പുലരി ഓർത്തോർത്തെൻ**

**നെഞ്ജം നാളത്തെ പുലരിക്കായി**

**കാംക്ഷിക്കുന്നു**

**മായ്ക്കുവാനാകില്ലാർക്കും എൻ**

**റോസതൻ ചുവപ്പിനെ അത്ര-**

**മേൽ അഗ്രഹിച്ചു ഈ**



**പൂവൊന്ന് മൊട്ടിടാൻ**

**തണ്ടിനെ കുത്തിയതാ മുറ്റത്തല്ല**

**പിന്നെയോ അതെൻ നെഞ്ചിലത്രേ**


**മൊട്ടിടുന്നതും എന്റെ നെഞ്ചിലത്രെ**

**ഇനിയും തളിർക്കുന്നതും**

***എന്റെ നെഞ്ചിലത്രെ....***

*-ഹന്നത്ത് ഹാരീസ്*

***IX D***




# ചിഞ്ച

ഉത്തരകേരളത്തിലെ ഒരു ഗ്രാമത്തിൽ കുറേ കുട്ടികൾ കൂട്ടംകൂടിയിരിക്കുന്നു.വലിയ നാട്ടുമാവിൽനിന്ന് വീഴുന്ന മാമ്പഴമാണ് സകലരുടെയും ലക്ഷ്യം.നല്ലൊരു കാറ്റ് വീശണേ..... മാമ്പഴം വീഴണേ എന്നാണ് അവരുടെ പ്രാത്ഥന.



അവരുടെ പ്രാത്ഥനപോലെ തന്നെ ഒരു കാറ്റ് വീശി. ഒരുചിഞ്ചമാമ്പഴം പടോന്ന് നിലത്ത് വീണതും കുട്ടികൾ മാമ്പഴത്തിനുനേരെ പാഞ്ഞെങ്കിലും മിടുക്കനായ ബാബൂട്ടനാണ് മാങ്ങ കിട്ടിയത്. കിട്ടിയപാടെ ബാബൂട്ടൻ മാങ്ങകിട്ടൊരു കടി. മറ്റുള്ളവർ വായിൽ വെള്ളം നിറച്ച് അത് നോക്കിനിന്നു."ഹൗ",എന്തൊരു ചിഞ്ച!" ബാബൂട്ടൻ ചിറികോട്ടികൊണ്ടു പറഞ്ഞു. "അങ്ങനെ തന്നെ വേണമെടാ, കൊതിയാ.... ചിഞ്ചമാങ്ങ നീ തന്നെ അങ്ങ് അകത്താക്ക്.ഹമ്പടാ!"എന്താണീ ചാഞ്ചയെന്നല്ലെ?പറയാം പുളിപ്പ് എന്നതിന് 400 കൊല്ലങ്ങൾക്കു മുമ്പ് ഉത്തരകോരളത്തിൽ പറഞ്ഞിരുന്ന വാക്കാണ് ചിഞ്ച. ഗുണ്ടർട്ട് സായിപ്പ് ഇവയൊക്കെ ശേഖരിച്ചാണ് നിഘണ്ടുതയാറാക്കിയിരിക്കുന്നത്.

*–ജിസാന കെ എൻ IX A*




# ആരാണ് പിതാവ് ?



**ജീവിതകാലം മുഴുവൻ സംരക്ഷകൻ** എന്ന തലക്കെട്ട് നേടിയവൻ ദേഷ്യക്കാരൻ, അരിശക്കാരൻ, മുരടൻ, സ്നേഹമില്ലാത്തവൻ എന്നിങ്ങനെ ഒരുപാട് പര്യായങ്ങൾ സ്വന്തം പേരിനൊപ്പം കൂട്ടിച്ചേർക്കപ്പെട്ടവനാണ് പിതാവ്. ആരുടെയോ നിർബന്ധം പോലെ അങ്ങനെ ഏൽപ്പിച്ച് കൊടുത്ത കുറേ വാക്കുകൾ.

മാതാവും മക്കളും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം പിതാവിന്റെ ഹൃദയദൂരം അളക്കാൻ കഴിയാതെ പോവുന്നുണ്ടോ. അമ്മമാരുടെ മഹത്ത്വങ്ങൾ എത്ര നാവുയർത്തി വാഴ്ത്തി പറഞ്ഞാലും പൂർണമാവുകയില്ല. ഒന്നിനോടൊന്നുപമിക്കാൻ കഴിയാത്ത വിധം സ്നേഹസ്വരൂപം തന്നെയാണമ്മ. എന്നാൽ പിതാവിനെ കുറിച്ച് നമ്മുടെ മനസ്സിൽ എത്രത്തോളമുണ്ട്? അവരെ കുറിച്ച് എത്രത്തോളം നാം പറയുന്നു,വേവലാതിപ്പെടുന്നു? ആരാണ് പിതാവ്? സ്നേഹം വഴങ്ങാത്ത, പണിയെടുത്ത് പണം കണ്ടെത്തുന്ന ഒരു യന്ത്രം മാത്രമാണോ? തമാശ പറയാത്ത അച്ഛൻ, ചിരിക്കാത്ത ഉപ്പ, എന്തിനും ഏതിനും കർക്കശ നിലപാടുള്ള അപ്പച്ചൻ. ഇതൊക്കെയല്ലേ പിതാവിനെ കുറിച്ചുള്ള നമ്മുടെ



വിലയിരുത്തൽ.


അച്ഛൻ കൊണ്ട വെയിലാണ് എന്റെ ഇന്നത്തെ തണൽ, ഉപ്പ നനഞ്ഞ മഴയാണ് ഇന്നത്തെ കുളിര്, അപ്പച്ഛന്റെ വെയിലാണ് എന്റെ ശരീരത്തിലെ ആരോഗ്യം. അവരുടെ ദേഷ്യവും വാശിയുമാണെന്റെ നല്ല ജീവിതം. അവരിൽ മക്കൾ ആരോപിക്കുന്ന മുരടൻ സ്വഭാവമാണ് അന്നത്തെ പല തിന്മയുടെ വഴികളിൽ നിന്നുമെന്നെ തിരിച്ച് വിട്ടത്.

സ്നേഹം പലപ്പോഴും ഉള്ളിൽ ഒളിപ്പിച്ച് വച്ച് കൊണ്ട് നിശബ്ദനായി കരുതലോടെ കാവലോടെ നമ്മെ നോക്കി നിൽക്കുന്ന പിതാവിനെ നാം ശ്രദ്ധിച്ചിട്ടുണ്ടോ? വേദനകളിൽ ഒന്ന് കരയാൻ പോലും കഴിയാതെ ഹൃദയം നുറുങ്ങുന്ന ആ നൂറ് ജന്മത്തിൽ ആ ഉപ്പ, അച്ചൻ, അപ്പച്ചൻ അറിഞ്ഞും അറിയാതെയും പല വീടുകളിലുമിന്ന് നിശബ്ദതേങ്ങലിലാണ്.

ആരോഗ്യമുള്ള കാലങ്ങൾ മുഴുവൻ കഷ്ടപെട്ട് പണിയെടുത്ത് മക്കളെ നല്ല നിലയിൽ എത്തിച്ച് വൃദ്ധനായി വിശ്രമിക്കാൻ കൊതിക്കുന്ന ഒരു പിതാവിന് മുൻപിലും നിങ്ങളൊന്നുച്ചത്തിൽ സംസാരിക്കപോലുമരുത്. അവരിന്ന് വൃദ്ധരാണ്. അവർക്ക് ഒരുപാട് കുറവുകൾ ഉണ്ടാവാം. അവരെ നിങ്ങൾ അറിയണം. പൊതിഞ്ഞ് സൂക്ഷിക്കണം. ആ കണ്ണുകളിലെ തിളക്കം, മാഞ്ഞുപോവരുത്. വാർദ്ധക്യത്തിൽ തന്റെ മക്കൾ തനിക്ക് സംരക്ഷണം നൽകുമെന്നുള്ള ഒരു പിതാവിന്റെയും മനസ്സിലെ പ്രതീക്ഷ ഒരു മക്കളും തള്ളിക്കളയരുത്....



*- ലിൻസി ലെനിൻ*



## THE TIME

***In my whole world,***
***Do you know one thing dude?***
***Something is moving,***
***But I don't know whether***
***It's moving with***
***me or you***




***But I know one thing,***
***It has been moving still***
***I don't know dude,***

***It is moving with whom.***
***At last I could find that is the time***
***Yes it is the time***
***Which is moving alone.***



***-മെഹബൂബ കെ.എസ് IX C***




## BIRTHDAY WISHES IN DIFFERENT LANGUAGES



*Malayalam:-Janmaadinaasamsakal*
***English:-Happy birthday***
*Hindi:- Janma Din Ki Shubh Kamnayem*
*Sanskrit:- Ravihi Janmadinam Aacharati*
***Tamil:- Pirandanaal Vazhthukkal***
*Bengali:- Shuvo Jonmodin*
*Gujrati:- Janma Divas Mubarak*
*Kannada:- Huttida Hubba Subashayagala*
*Kashmiri:- Voharuod Mubarak Chay*
*Urdu:-Janma Din Mubarak*
*Telgu :-Janmadina Subha Kankshala*
*Tulu:- Putudina Ganthri Bathai*
*Rajastani:- Janma Ganthri Bathai*
*Oriya:-Janmadina Abhinandan*
*Marati:-Wadhdiwasachya Shubhechha*
*Punjabi:-Janma Din Diyan Wadhayian.*




-മരിയ ജോസ്
IX B




# അഗ്നിദേവൻ


പൊൻ പുലരിയിൽ നീ എൻ മിഴികളെ
നയനാകന്ദകരമാക്കി
എൻ മനസ്സിനെ നീ നന്മയാൽ പൊതിഞ്ഞ്
നീ ഉണർന്നുവോ ദേവാ
എവിടെ നിൻ ഗോപുര പടിവാതിൽ
അഗ്നിദേവനായ് നീ ജ്വലിക്കുമ്പോൾ
നിൻ ആനന്ദമെന്ത്?
നിൻ നീരസമെന്ത്?
അരുള്ള എൻ ആദിത്യഭഗവാനെ
കിഴക്കാണോ നിൻ വസതി
പടിഞ്ഞാറാണോ നിൻ അസ്തമയം
മാലോകരെ കാൺകയാണോ നിൻ ആനന്ദം
അതോ പ്രകൃതി തൻ വസന്തമാണോ നിൻ ആനന്ദം
കറുമ്പി രാവാണോ നിൻ നീരസം
അരുള്ള എൻ ഭദ്രനാദം ദേവാ...



*-നൈന ആൻ ബേബി*
*IX B*



# NEWTON'S LAW





**I was inattentive in science class one day. When the teacher at random looked my way. I didn't dare.There's no escaping that intense glare.**

**Asked me to explain to the class. Newton's law of gravity and mass my mind was a blank, heartbeats louder'For an answer I started to flounder.**

**The children tittered in great amusement The didn't know my sad predicament The teacher said, ''you've demonstrated gravity''**


**''Although you did it with much levity.**

**At length i returned to my seat with much applause did they greet Now i look back upon this and ponder i decide to listen and not let my mind wander.**




*-നന്ദന ബിജു*

***IX D***



# അമ്പിളിമാമൻ മാനത്ത്.....




അമ്പിളി മാമൻ മാനത്ത്
കമ്പിളികൊണ്ട് പുതക്കുന്നേ
കമ്പിളിയല്ല കിളിക്കുഞ്ഞേ
കാറ്റത്തോടും കരിമേഘം

അമ്പിളിമാമൻ മാനത്ത്
അയ്യോ പാല് കമഴ്ത്തുന്നേ
അതു പാലല്ല , കിളിക്കുഞ്ഞേ
ആകാശത്തെ നിലാവാണേ

നമ്മളെ മാമൻ നോക്കുന്നു
നമ്മോടെന്തോ പറയുന്നു
ഇങ്ങനെ മാമൻ പറയുന്നു
നിങ്ങളെയൊക്കെയെനിക്കിഷ്ടം....

*-നന്ദന ഷിബു*
*IX C*





# അമ്മൂമ്മയും കൊതിയൻ ഭൂതങ്ങളും



ഡോർപ്പി എന്ന ഗ്രാമത്തിലാണ് ബിബി എന്ന അമ്മൂമയുടെ താമസം.ഒരു ദിവസം അമ്മുമ്മ നല്ല ചൂടുള്ള വട ഉണ്ടാക്കി വച്ചിട്ട് കുളിക്കാൻ പോയി. തിരികെ വന്നപ്പോൾ വട കാണാനില്ല,

മര്യാദയ്ക്ക് പറഞ്ഞോ ആരാ വട തിന്നത്? അമ്മൂമ്മ ഉറക്കെ ചോദിച്ചു. പെട്ടെന്ന്,അടുപ്പിന് പിന്നിൽ നിന്നു കുറേ ഭൂതങ്ങൾ വെളിയിൽ വന്നു. ക്ഷമിക്കണേ, ഞങ്ങൾ ആദ്യമായിട്ടാ വേവിച്ച ഭക്ഷണം കഴിക്കുന്നത്. രുചികാരണം മുഴുവനും തിന്നുപോയി.... ഭൂതങ്ങൾ പറഞ്ഞു.

അമ്മൂമ്മയ്ക്ക് പാവം തോന്നി. നിങ്ങൾ എന്റെ കൂടെ ഇവിടെ കൂടിക്കോ. എന്നും പലഹാരം ഉണ്ടാക്കിത്തരാം. ഭൂതങ്ങൾക്ക് സന്തോഷമായി.

പിറ്റേന്ന് അമ്മൂമ്മ ചൂടുവെള്ളമൊഴിച്ച് അരിപ്പൊടി നനച്ചു. പലഹാരം ആയോ അമ്മൂമ്മേ, നല്ല മണം വരുന്നുണ്ടല്ലോ. കുഞ്ഞിഭൂതങ്ങൾ ചോദിച്ചു.

പലഹാരമായില്ല. കാത്തിരിക്കൂ. അമ്മൂമ്മ പറഞ്ഞു.

പുട്ടുപൊടി നനച്ചുവച്ചിട്ട് അമ്മൂമ്മ തേങ്ങ ചിരകാൻ പോയി. ഈ സമയം ഒരു കൊതിയൻ ഭൂതം പുട്ടുപൊടി ഇത്തിരി വാരിത്തിന്നു.

ഹായ് നല്ല രുചി ! പലഹാരമായില്ലെന്ന് അമ്മൂമ്മ നുണ പറഞ്ഞതാ.

ഇതു കേട്ടതും മറ്റു ഭൂതങ്ങളും പുട്ടുപൊടി തിന്നാൻ തുടങ്ങി.

തേങ്ങയുമായി വന്ന അമ്മൂമ്മയ്ക്ക് ഇതു കണ്ട് ദേഷ്യം വന്നു! അമ്മൂമ്മ പൊടിയോടൊപ്പം കുട്ടിഭൂതങ്ങളെയും വാരിയെടുത്ത് പുട്ടുകുറ്റിയിൽ അടച്ച് അടുപ്പിൽ വച്ചു.


ഹയ്യോ പൊള്ളുന്നേ ഭൂതങ്ങൾ കരയാൻ തുടങ്ങി.

കൊതിയന്മാരായ നിങ്ങൾക്ക് ഇതുതന്നെ കിട്ടണം അമ്മൂമ്മ പറഞ്ഞു

ഭൂതങ്ങൾ ഒരു വിധത്തിൽ കുറ്റിയിൽ നിന്നു ഇറങ്ങി ഓടി.

***-നിരജന കെ വിക്രമൻ***

***IX D***



# ഡോഗ് ഫാഷൻ..





ഇറ്റലിക്കാരിയായ ഫാഷൻ ഡിസൈനറാണ് ജിയോവന്ന ടെമിലിനി. ഏതു തരം വസ്തുങ്ങളാണ് അവർ ഡിസൈൻ ചെയ്യുന്നതെന്നോ ? നായകൾക്കും യജമാനന്മാർക്കും നടക്കാൻ ,മോണിങ് വാക്കിന് പോകാനുമല്ല ഉടുപ്പുകൾ!

നായയും യജമാനനും കൂടി നടക്കുമ്പോൾ രണ്ടുപേരുടേയും വസ്തുങ്ങൾ മാച്ച് ചെയ്യേണ്ടേ? ഡിസൈൻക്കൊണ്ടും നിറംകൊണ്ടും മാച്ച് ചെയ്യുന്ന നായക്കുപ്പായവും യജമാനക്കുപ്പായവും ഉമ്ടാക്കുകയാണ് ജിയോവന്ന ടെമലിനി.

25 വർഷമായി അവർ ഈ ജോലി ചെയ്യുന്നു. ആയിരക്കണക്കിന് നായകളും നായസ്നേഹികളും അവരുടെ കിടിലൻ വസ്തുങ്ങൽ ഉപയോഗിക്കുന്നു.



*–സഫീന കരീം*
*IX D*



# ഉപകാരമില്ലാത്ത ഒന്നുമില്ല..



ഒരു കാട്ടിലേക്ക് വിനോദയാത്ര പോവുകയാണ് ഒരു സംഘം ആളുകൾ. വഴിയിൽ വച്ച് അവർക്കൊപ്പം ഒരു പട്ടിയും കൂടി.

യാത്രയ്ക്കിടയിൽ പട്ടിയുടെ കാലിൽ മുള്ളുകൊണ്ട് മുറിഞ്ഞ് നടക്കാൻ വയ്യാതായി. കൂട്ടത്തിലൊരാൾ പട്ടിയെ എടുത്ത് ചുമലിൽ വച്ചു. " എന്തിനാണ് ഈ പട്ടിയെ ചുമക്കുന്നത് ? അതിനെ ഉപേക്ഷിക്കൂ. അത്രയും ഭാരം കുറയും.." മറ്റു യാത്രക്കാർ പറഞ്ഞു. പക്ഷെ, അയാൾ പട്ടിയെ ഉപേക്ഷിച്ചില്ല.

"ചിലപ്പോൾ ഇവൻ നമുക്കൊരു സഹായിയാകും..." അയാൾ പറഞ്ഞതു കേട്ട് മറ്റുള്ളവർ കളിയാക്കാൻ തുടങ്ങി.
"നടക്കാൻ വയ്യാത്ത പട്ടി നമ്മെ സഹായിക്കുമെന്നൊ ഹ...ഹ....! "അവർ പറഞ്ഞു ചിരിച്ചു. രാത്രിയായി. അവർ ഒരു പുൽമേട്ടിൽ കൂടാരമടിച്ച് ഉറങ്ങാൻ കിടന്നു. പെട്ടെന്നതാ പട്ടി ഉച്ചത്തിൽ കുരക്കുന്നു. വിനോദയാത്രക്കാർക്ക് ദേഷ്യം വന്നു.
"ഈ നാശത്തിനെ കളയാൻ അപ്പോഴെ പറഞ്ഞതല്ലേ." ഉറക്കവും കളഞ്ഞു. എല്ലാവരും എഴുന്നേറ്റ് പുറത്തേക്ക് വന്നു നോക്കി. പട്ടി താഴ്വാരത്തേക്ക് നോക്കിയാണ് കുരക്കുന്നത്. അതുവഴി അതാ ഒരു പുലി കയറിവരുന്നു!അവർ വേഗം ഓടി സുരക്ഷിതമായ സ്ഥലത്തേക്ക് മാറി. പുലി പോയതിനു ശേഷമേ അവർ പുറത്ത് വന്നൊള്ളൂ.....
"ഉപകാരമില്ലാത്ത ഒരു ജീവിയും കാട്ടിലും നാട്ടിലുമില്ലെന്ന് ഇപ്പോൾ മനസ്സിലായില്ലേ..." പട്ടിയെ കൂട്ടിയ ആൾ പറഞ്ഞു.

# എത്ര മിഠായി, എത്ര പാത്രം..

1. ഡാനിക്ക് കുറേ മിഠായി കിട്ടി. മിഠായി ഇട്ടുവയ്ക്കാൻ ഡാനിയുടെ കൈയ്യിൽ കുറച്ച് പാത്രങ്ങളുണ്ട്. രണ്ടെണ്ണം വീതം ഓരോ പാത്രത്തിലാക്കിയാൽ ഒരു മിഠായി ബാക്കി വരും. മൂന്നെണ്ണം വീതം പാത്രത്തിലാക്കിയാലോ?



ഒരു പാത്രം ബാക്കിവരും. എങ്കിൽ ഡാനിയുടെ കയ്യിൽ എത്ര പാത്രവും എത്ര മിഠായിയും ഉണ്ടെന്ന് കണ്ടുപിടിക്കാമോ ?
ഉത്തരം– 9 മിഠായിയും 4 പാത്രവും.

*2. മനുഷ്യരിൽ കഷണ്ടിക്കാരെ ധാരാളം കാണാം. എന്നാൽ സിംഹത്തിനും കുങ്ങനും കരടിക്കുമൊന്നും കഷണ്ടി വരാറില്ല. ഇതെന്തുകൊണ്ടാണ് ?*




*ഉത്തരം- ആരു പറഞ്ഞു മൃഗങ്ങളിൽ കഷണ്ടിക്കാരില്ലെന്ന് ! മൃഗങ്ങൾക്കും വരാറുണ്ട് മുടികൊഴിച്ചിലും കഷണ്ടിയുമൊക്കെ !*

*ചിമ്പാൻസികൾക്കു മനുഷ്യരെപ്പോലെ കഷണ്ടി വരാറുണ്ട്. സ്റ്റെമ്പ്- ടെയിൽഡ് മക്കാക് എന്ന കുരങ്ങനും കഷണ്ടി പിടിപെടാറുണ്ട്.*

*-ഐഷ നൗറിൻ*

***IX A***



# തൊലിപ്പുറത്തെ പാട്ട്..




ഇയർഫോൺ കൊണ്ടുനടക്കുന്നത് ചിലർക്കൊക്കെ വലിയ പ്രയാസമാണ്. വയറുകൾ കൂടിപ്പിണഞ്ഞുപോകും. അല്ലെങ്കിൽ കളഞ്ഞുപോകും.

ഇതിനൊക്കെ പരിഹാരമായി പുതിയൊരു വിദ്യ വന്നുകഴിഞ്ഞു. തൊഒട്ടിച്ചുവയ്ക്കാവുന്ന സ്പീക്കറുകൾ! ഒരു ടാറ്റു പോലെ ഇത് ചെവിക്കരികിൽ ഒട്ടിച്ച് വയ്ക്കാം.

സ്മാർട്ട് ഫോണിലെ സിഗ്നലുകൾ പിടിച്ചെടുത്ത് ഈ ടാറ്റൂ ചെവിയിൽ പാട്ടു കേൾപ്പിക്കും!

തൊലിപ്പുറത്ത് ഒട്ടിച്ചുവയ്ക്കാവുന്ന മൈക്രോഫോണും ഇതേ സാങ്കേതിക വിദ്യ കൊണ്ട് ഉണ്ടാക്കിയിട്ടുണ്ട്. തൊണ്ടയ്ക്കടുത്ത് ഒട്ടിച്ച് വെറുതെ സംസാരിച്ചാൽ മാത്രം മതി, ടാറ്റൂമൈക്രോഫോണ് സംസാരം പിടിച്ചെടുത്ത് ഫോണിനു കൊടുക്കും! നാനോ ടെക്നോളജിയുടെ സഹായത്തോടെയാണ് ഈ രസികൻ കണ്ടുപിടിത്തങ്ങൾ.




*–അൻസിയ സിദ്ധിക്ക്*
*IX B*

# അയൺ ക്വീൻ.




ആഷാ റാണിയെ എല്ലാവരും വിളിക്കുന്ന പേരു കേൾക്കണോ? അയൺ ക്വീൻ.
കാരണമെന്തെന്നോ? പറയാം

ആദ്യം ആഷയെ പരിചയപ്പെടാം.
ജനിച്ചതും വളർന്നതും ഇന്ത്യയിലെ പഞ്ചാബിലാണ്. പക്ഷേ, ഇപ്പോൾ താമസം ബ്രിട്ടനിൽ. ഇരുപതാം വയസ്സിൽ കുടുംബത്തിൽ കുടുംബത്തോടൊപ്പം ബ്രിട്ടനിലേക്ക് താമസം മാറിയതാണ്.

2013-ലാണ് ആഷ ആദ്യമായി കാണികളെ ഞെട്ടിച്ചത്. 31-കിലോ ഭാരമുള്ള ഇരുമ്പുകട്ടികൾ സ്വന്തം ചെവിയിൽ കെട്ടിയുയർത്തിയായിരുന്നു ആ പ്രകടനം! പിന്നീടങ്ങോട്ട് കിടിലൻ അഭ്യാസങ്ങളാണ് ആഷ കാണിച്ചതെല്ലാം. 2 വർഷം മുമ്പ് 750 കിലോ ഭാരമുള്ള കാർ മുടിയിൽ കെട്ടി 40 മീറ്റർ ദൂരം വലിച്ചിനീട്ടി ഇംഗ്ലീഷുകാരെ അമ്പരപ്പിച്ചു.പിന്നീട്, 2000 കിലോ ഭാരമുള്ള ഡബിൾ ഡക്കർ ബസും മുടിയിൽക്കെട്ടി വലിച്ചു. പല്ലുകൊണ്ടു കാർ വലിച്ചു നീക്കിയും അവർ റെക്കോർഡിട്ടു.

ഇതുവരെ ആഷാറാണിയുടെ 31 പ്രകടനങ്ങൾ ഗിന്നസ്ബുക്കിൽ കയറി. ഇപ്പോൾ ആഷയുടെ പേരിൽ ആരും തകർക്കാത്ത എട്ടു ലോകറെക്കോർഡുകളുണ്ട്.


–വൈഷ്ണവി റെജി

# ഹി ഹി ഹി....



പട്ടിയൊന്നു ചാടിവന്നു
കുട്ടി കണ്ടു ഞെട്ടി !
പട്ടി മുന്നിലേക്കു നീങ്ങി
കുട്ടി വേഗമോടി,
പട്ടി എല്ലു നോക്കിവന്നു
പെട്ടെന്നെടുത്തോടി,
കുട്ടിയപ്പോൾ വീട്ടിലേക്ക്
പൊട്ടിച്ചിരിച്ചോടി !

*-ഷഹാന നിസാർ*
***IX C***



PAST ,PRESENT AND FUTURE




*Past*

*is one*

*waste paper*

*Present*

*is one*

*newspaper*




*Future*

*is our question paper*

*Hard work*




*will be our answer paper.*

# കടംകഥകൾ

അച്ഛൻ പരപരാ അമ്മ മിനുമിനാ മകൾ മണിമണി

- ചക്ക

കാട്ടിലൊരു മുത്തശ്ശി, വീശി വീശി നടക്കുന്നു

- ആന

ഞെട്ടില്ലാ വട്ടയില

- പപ്പടം



ഈച്ച തൊടാത്ത
ഇറച്ചിക്കഷ്ണം

- തീക്കട്ട

കയ്യിൽ കയറി മെയ്യടിൽ
ഒളിച്ചു

- പപ്പടം

കാള കിടക്കും കയറോട്ടം

- മത്തങ്ങ

ആനയാണ് കറുപ്പല്ല ,കൊമ്പുണ്ട് രണ്ടല്ല

- ഐരാവതം

ഒരു പെട്ടിനിറച്ച് കറുത്ത തൊപ്പിക്കാർ

- തീപ്പെട്ടി

മുളയുടെ മുകളിൽ പന വിടർത്തി

- ഓലക്കുട

അച്ഛനൊരു പട്ട് തന്നു, മുക്കീട്ടും മുക്കിട്ടും നനയുന്നില്ല

- താമരയില

ഒരാളെ ഏറ്റാൻ നാലാള്

- കട്ടിൽ

മുക്കണ്ണൻ ചന്തയ്ക്ക് പോയി

- തേങ്ങ




കരയില്ലാ കടലിലെ കൊച്ചോടം,
തുഴതില്ലാതോടുന്ന കൊച്ചോടം

- അമ്പിളിമാമൻ

പൊക്കിളിൽ തൊട്ടാൽ ഇളിച്ചുക്കാട്ടും

- ടോർച്ച്

*-ഡിജിറ്റ ടെൻസ്* **-IX B**




# കുറുമ്പിതത്ത



കുഞ്ഞി കുറുമ്പി തത്തേ
നിനക്കെന്തേ ഇത്ര
കുറുമ്പുതത്തേ
കാലത്തു വൈകിട്ടും
പാലും പഴവും നിനക്ക് ഞാൻ തന്നതല്ലേ
കുഞ്ഞി ക്കുറുമ്പിതത്തേ
നിനക്കെന്തേ ഇത്ര കുറുമ്പുതത്തേ
നിന്നൊപ്പം കളിക്കാനായി
കൂട്ടിരുന്നില്ലേ പിന്നേന്തേ ഇത്ര കുറുമ്പുതത്തേ
നിന്നുടെ കൊഞ്ചലും ചാടിക്കളികളും
എല്ലാം ഞാൻ കണ്ടതല്ലേ
കുഞ്ഞി കുറുമ്പി തത്തേ
നിനക്കെന്തേ ഇത്ര കുറുമ്പുതത്തേ
ആരൊക്കെ വന്നാലും
നിൻ വിളി കേൾക്കുമ്പോൾ വന്നു ഞാൻ
കുഞ്ഞി നോക്കുന്നില്ലേ



കുഞ്ഞി കുറുമ്പി തത്തേ
നിനക്കെന്തേ ഇത്രകുറുമ്പുതത്തേ
നേരം പുലരുമ്പോൾ
നിൻ വിളി കേട്ടു ഞാൻ
ഉറക്കമുണരുന്നില്ലേ



# SUCCESS AND FAILURE





**Success is like a beautiful girl,It can leave us at any time**

But **failure is like our mother,**
**It will teach us an important lesson**
**Throughout our small life**
**Success is never permanent,**
**Failure is never final,**
**So never stop trying**
**until your VICTORY**
**makes HISTORY**





# വേർപാട്......


കണ്ടുമുട്ടിയ നാൾ മുതൽക്കേ
ഉറ്റസുഹൃത്തുക്കളായി ഞങ്ങൾ
അറിയാതെന്നാത്മാവിൻ അകതാരിലെപ്പോഴോ
ഒരു കുളിർകാറ്റായ് നീ ഒഴുകിയെത്തി
ആരു നീയെനിയ്ക്കെൻ സുഹൃത്തേ
ഏത് മുജ്ജന്മബന്ധം നിന്നിൽ കാണ്മൂ ഞാൻ.
സന്തോഷദുഖങ്ങൾ പങ്കുവച്ച നാളുകൾ
എൻ വികാരങ്ങളറിയുന്നൊരാൾ
ഏതൊരു ശക്തിക്കും നമ്മെ
വേർപെടുത്താനാവില്ലെന്നു ഞാൻ കരുതി
സൃഷ്ടാവാം ദൈവത്തിൻ ഹിതമറിയാൻ
കഴിയുന്നോരല്ലേ,ഈ കൊച്ചു പുഴുക്കളാം
മർത്യൻവിധിയുടെ കാണാകഴങ്ങളിലേക്കാഴ്ന്ന
പോയ
നിന്നെയും നോക്കി ഞാൻ നിസ്സഹായയായി
സദാ പുഞ്ചിരി തൂകിട്ടും നിൻ മുഖം
തെളിയുന്നെന്നും  എൻ മനതാരിൽ
വരും ജന്മത്തിലെങ്കിലും എൻ സുഹൃത്തായി
നീ വന്നെങ്കിലെന്ന് ഞാനാശിച്ചീടുന്നു...



*-ജൂലിയ ജോസ്*
*IX B*

# ഞാനറിയാതെ ഒരു കൂട്ടുകാരി

എനിക്ക് കുറേ കൂട്ടുകാരുണ്ട്. പക്ഷെ അതിൽ രണ്ട് പേർ എന്റെ പ്രിയ കൂട്ടുകാരികളാണ്. ഞങ്ങൾ കൊച്ചുനാൾ മുതൽ ഒരുമിച്ച് കളിച്ചുവളർന്നവരാണ്. ഇപ്പോൾ ഞങ്ങൾ മൂന്നു പേരും ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നു. ഒരു ദിവസം രാവിലെ കാർ ഓടിച്ച് പോകുമ്പോൾ എനിക്കൊരു ഫോൺ വന്നു. ഞാൻ അതെടുത്ത് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് നിയന്ത്രണം വിട്ടു പോയി. എന്റെ കാർ എതിർവശത്ത് നിന്നും വന്ന ഒരു വാഹനത്തിൽ പോയി ഇടിച്ചു. അവിടെയുള്ള ആൾക്കാർ പെട്ടെന്ന് തന്നെ എന്നെയും ഞാൻ ഇടിച്ച വാഹനത്തിൽ ഉള്ളവരെയും ഹോസ്പിറ്റലിൽ എത്തിച്ചു. ഡോക്ടർ പറഞ്ഞു ഉടനെ തന്നെ എനിക്കൊരു ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തണമെന്ന്. എന്റെ ബന്ധുക്കൾ വിവരമറിഞ്ഞതോടെ ഓടിയെത്തി. പക്ഷ ഞാൻ കൂട്ടുകാരികളായി കണ്ട രണ്ട് പേരേയും കണ്ടതേയില്ല. കുറച്ച് മാസങ്ങൾക്ക് ശേഷം ഞാൻ സുഖം പ്രാപിച്ചു. പക്ഷെ ആരാണ് എനിക്ക് ജീവൻ




നൽകിയത് ? ചോദിച്ചപ്പോൾ അത് ഒരു പെൺകുട്ടി ആണെന്ന് മാത്രമാണ് ആ ഡോക്ടർ പറഞ്ഞത്. അപ്പോൾ എന്റെ മനസ്സിൽ രണ്ട് ചോദ്യങ്ങളാണ് ഉണ്ടായത്. ഒന്ന് ആരാണ് ആ പെൺകുട്ടി ? രണ്ട് അവൾ എന്തിനാണ് അവളുടെ ജീവൻ നൽകി എന്നെ രക്ഷിച്ചത് ? ഈ രണ്ട് ചോദ്യത്തിനും ഉത്തരം കിട്ടാതെ എന്റെ മനസ്സ് നീറി. കുറ്റബോധം എന്നെ വേട്ടയാടി. എന്റെ ശ്രദ്ധക്കുറവാണല്ലോ ഇത്തരം അവസ്ഥക്ക് കാരണം . അപ്പോൾ എനിക്ക് ഒരു കാര്യം കൂടി മനസ്സിലായി, നമ്മൾ എല്ലാമെന്നു കരുതുന്ന ആളുകൾ എപ്പോഴും നമ്മളെ സഹായിക്കാൻ ഉണ്ടാവില്ല എന്ന സത്യം.....





*–നന്ദന അജി*
*IX B*



# ഉദ്ധരണികൾ

1, നിങ്ങൾ ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ലെങ്കിൽ നിങ്ങൾക്കൊരിക്കലുംനിരാശപ്പെടേണ്ടി വരില്ല.

-സിൽവിയ പ്ലാത്ത്

2, വിമർശനം ഒഴിവാക്കാൻ ഒറ്റ വഴിയേയുള്ളൂ. ഒന്നും ചെയ്യരുത്, ഒന്നും പറയരുത്. പിന്നെ ഒന്നും ആകരുത്.

-അരിസ്റ്റോട്ടിൽ

3, എന്റെ വിശ്വാസത്തിനു വേണ്ടി ഞാൻ ഒരിക്കലും മരിക്കില്ല. കാരണം എനിക്ക് തെറ്റു പറ്റിയേക്കാം.

-ബെർട്രൻഡ് റസൽ

4, ചിന്തയില്ലാത്തവൻ കൂടുതൽ സംസാരിക്കുന്നു.

-മോണ്ടെസ്ക്യൂ

5, സത്യം എല്ലായ്പ്പോഴും സുന്ദരമല്ല സുന്ദരമായ വാക്കുകൾ എല്ലായ്പ്പോഴും സത്യവുമല്ല . -ലാവോത്സു

*-ആലീന മേരി ആന്റണി*


***IX D***

# അമ്മ മലയാളം ...

അമ്മേ മലയാളമേ.......
എന്റെ ഹൃദയസ്പന്ദനമേ
ഉദരത്തിൽ നിന്നും
ലോകത്തേക്കുവന്നയുടൻ
ആരും പറയാതെ ആരെ
പഠിപ്പിക്കാതെ
ഞാനെൻ മാതൃഭാഷയിൽ
കരഞ്ഞുവിളിച്ചു





എങ്കിൽ ആരു പറഞ്ഞു പഠിപ്പിച്ചെന്നെ
ശാസ്ത്രം പറയും പോലെ അമ്മയോ ?
അതോ ലോകം പറയുംപോലെ ദൈവമോ ?
പൊൻനാണയം കൊണ്ടെന്റെ നാവിൽ
മാതൃഭാഷ എഴുതിയതാരാണ് ?
അന്നു ഞാൻ വാവിട്ടു കരഞ്ഞുവെന്നാൽ
ഇന്നു ഞാനാഗ്രഹിക്കുന്നു
അദ്ദേഹത്തെ കാണുവാൻ ഒന്നു നമിക്കുവാൻ
ഇന്നു ഞാനീ കവിതയെഴുതുന്നു
എന്റെ മാതൃഭാഷയിൽ
എത്ര പുതിയ ഭാഷകൾ പഠിച്ചാലും



സങ്കടത്തിൽ ഞാൻ വിളിക്കുന്നത്
എൻ അമ്മയെ, എൻ മാതൃഭാഷയിൽ
എന്നെ ഞാനാക്കിയ എൻ
മാതൃഭാഷയെ എൻ മലയാളമേ
മണലിൽ കൈവിരൽ കൊണ്ടെഴുതിയപ്പോൾ
എൻ കുഞ്ഞുവിരൽ നൊന്തു
ആ നോവൽ ഞാൻ അമ്മയെ
അറിയിച്ചതെങ്ങനെയാണ് ?
അതെ, എൻ മാതൃഭാഷയിൽ
അച്ഛന്റെ സ്നേഹവും അമ്മയുടെ
കരുതലും തന്നെന്നെ ഞാനാക്കിയത് നീയാണ്
അങ്ങനെയെങ്കിൽ മറക്കാമോ ഞാൻ നിന്നെ
ഒരിക്കലീ ലോകം വിട്ട് മറ്റൊരിടത്തേക്ക്
ഞാനൊന്നും കൊണ്ടുപോകാതെ പോകും,
സ്വന്തം ഉടയാടകൾ പോലുമെടുക്കാതെ
എന്നാൽ, ആരും കാണാതെ
ഹൃദയത്തിൽ ഒളിപ്പിച്ച് കൊണ്ടുപോകാം
ഞാൻ നിന്നെ എൻ അമ്മ മലയാളത്തെ....

*-ആർലിൻ ആഷാ സുനിൽ*

*IX D*




# ശാന്തത

പനിനീർ ദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ട വിടർന്ന
കണ്ണുകളോടു ചോദിച്ചു
നീയെന്തേ നിറയാത്തൂ
നീയെന്തേ തുളുമ്പാത്തൂ
എന്തേ പെയ്തൊഴിയാത്തൂ
ഒരു കടലുണ്ടല്ലോ
കരഞ്ഞുതീർക്കാൻ
പെയ്തൊഴിയൂ
മനസ് ശാന്തമാകട്ടെ



മിഴികൾ മെല്ലെ മൊഴിഞ്ഞു
ഞാൻ പെയ്തുവെന്നാൽ
നിനക്കു വിതുമ്പാതിരിക്കാനാവില്ല
തേങ്ങി തളരാതിരിക്കാനാവില്ല
അലറി കരയാതിരിക്കാനാവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയിതാണെന്റെ-
ശാന്തത

-അനുപ്രിയ കുര്യൻ
IX C



# എന്റെ വിദ്യാലയം



എത്രയോ സുന്ദര മധുര ഓർമ്മകൾ

നൽകിയ താണെൻ മാതൃവിദ്യാലയം

അറിവിൻ അക്ഷര മുത്തുകൾ പാകി

മാലകൾ കോർത്തണിയിച്ച

മാതൃവാത്സല്യമേറെ നൽകി

മനസ്സിനു കുളിരായി നിന്നു

ശൈശവത്തിന്റെ ബാലിശങ്ങൾ

തിരിച്ചറിവായി പകർന്നുതന്നു.

ശോഭയാൽ തെളിയും മഴവില്ലുപോലെ



ഏകിയേറെ ചങ്ങാതിക്കൂട്ടവും

പരസ്പരം പങ്കിട്ടു നൽകും

സേവന പാതയും വിരിയിച്ച .


കളിച്ചും ചിരിച്ചും ഉല്ലസിച്ചും

കഴിച്ചും കൂട്ടിയ നല്ല നാളുകൾ

ഒരു കുടക്കീഴിലാർന്ന നമ്മളത്രയോ

സുഖദുഃഖം നുകർന്നു.വിട പറയുമീ ദിനം

കണ്ണുനീരാൽസ്നേഹക്കടലാകുമീ






# മഴച്ചൊല്ലുകൾ



1. മഴയുമില്ല വിളയുമില്ല
2. മഴപെയ്താൽ നിറയാത്തത് കോരിയൊഴിച്ചാൽ നിറയുമോ
3. ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി
4. തിരുവാതിരയ്ക്ക് തിരിമുറിയാതെ
5. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
6. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും



7. മഴ എന്ന കേട്ടാൽ മാട് പേടിക്കുമോ ?
8. മീനത്തിൽ മഴ പെയ്താൽ മീനംകൂടി ഇരയില്ല
9. തുള്ളിക്കൊരുകുടം പേമാരി
10. ഇടവത്തിൽ മഴ പെയ്താൽ ഇടവഴിതോറും വെള്ളം
11. മഴ പെയ്താൽ പുഴനിറയും
12. കാലത്ത് പെയ്യുന്ന മഴ വേഗം നിൽക്കും



# മലയാളത്തിൽ ആദ്യം..

കവി: ചീരാമൻ

കാവ്യം: രാമചരിതം

ലക്ഷണമൊത്ത വിലാപ കാവ്യം :ഒരു വിലാപം

മഹാകാവ്യം: രാമചന്ദ്രവിലാസം

സന്ദേശകാവ്യം: ഉണ്ണിനീലിസന്ദേശം

വഞ്ചിപ്പാട്ട്: കുചേലവൃത്തം

തുള്ളൽ കവിത: കല്യാണസൗഗന്ധകം

ഡിറ്റക്റ്റീവ് നോവൽ: ഭാസ്കര മേനോൻ

ചരിത്രനാടകം: സീതാലക്ഷ്മി

ചരിത്രനോവൽ: മാർത്താണ്ഡവർമ

വ്യാകരണ ഗ്രന്ഥം: മലയാണ്മയുടെ വ്യാകരണം

ചെറുകഥ: വാസനാവികൃതി


നോവൽ: കുന്ദലത

രാഷ്ട്രീയനാടകം: പാട്ടബാക്കി

നാടകം: മറിയാമ്മ നാടകം

ഖണ്ഡകാവ്യം: മലയവിലാസം

യാത്രാവിവരണം: വർത്തമാന പുസ്തകം





## THINK A WHILE

1.What kind of table we cook and eat?

*Vegetable*

2.What room has no wall, floor, ceiling or window?

*Mushroom*

3.What has an eye but cannot see?


*Needle*

4.Press me at the bottom, Meet me on the top? Who am I ?

*Tooth paste*

5.When I travel I remove my cap .When I rest I put it in .Do you know who am I ?

*Pen*



# THE LITTLE PLANT



In the heart of a seed,
Buried deep so deep,
A tiny plant
Lay fast asleep,
“Wake”, said the sun shine,
“And creep to the light”
“Wake”, said the voice
Of the rain drops bright
the little plant heard
And it Rose to see
What the wonderful,
Out side world might be....



# അമ്മ



അമ്മ എന്ന രണ്ടക്ഷരം
എത്ര ഇമ്പമുള്ള വാക്ക് !
പിച്ചവെച്ച ദിനങ്ങൾ
കൊഞ്ചലുകളുടെ നാളുകള്
സ്നേഹിച്ച് കൊതിതീരാത്ത ബാല്യ
എന്നും അമ്മയുടെ മാറിൻ ചൂടേറ്റ്
വളർന്നു വലുതായ കൗമാരം
തറപറ ചൊല്ലിത്തന്ന ദിനങ്ങൾ
തല്ലാതെ ശാസിക്കുന്നൊരമ്മ
കഷ്ടപ്പെട്ട് ജീവിതമേറ്റുന്ന വാത്സല്യം
എന്നും കണ്ണിലുണ്ണിയായ അമ്മ
മക്കളെ പോറ്റി വളർത്തുന്ന മാതൃത്വം
എങ്ങനെ മറക്കുവാൻ കഴിയും ?
വലിയ ഒരു കുടുംബം നെഞ്ചിലേറ്റുന്നൊരമ്മ
ഗുണഗണങ്ങള് എല്ലാം തികഞ്ഞോരമ്മ
ഒരുനാൾ തളർന്നു വീണുകിടക്കുന്ന അമ്മയെ
താങ്ങാൻ കഴിയാതെ വിഷമിക്കുന്നവർ
നീറുന്ന ഹൃദയവുമായ് അമ്മ യാത്രയാകുന്നു
എങ്ങനെ മറക്കും ആ പൊന്നമ്മയെ
വിദൂരതയിലേക്ക് നോക്കി
നിൽക്കെ
നെടുവീർപ്പിടുന്ന മർകത്യമനസ്സുകൾ
ഇനിയെന്നു നാം കാണും
കാത്തിരിക്കുന്ന മരണം വരെ.




# മലിനമാക്കപ്പെടുന്ന പ്രകൃതി

***ഇന്ന നമ്മുടെ പ്രകൃതി ദിനം തോറും മലിനമായിക്കൊണ്ടിരിക്കുകയാണ് ആളുകൾ വർധിക്കുന്തോറും മാലിന്യവും കൂടിവരുന്നു.ഇന്നത്തെ തലമുറ പ്രകൃതിയെകുറിച്ച് ചിന്തിക്കുന്നില്ല.ഇന്നു പ്രകൃതി മനുഷ്യരുടെ ആവിശ്യങ്ങൾ നിറവേറ്റാനുള്ള ഒരു കാഴ്ച വസ്തുമാത്രമായി തീർന്നിരിക്കുന്നു. ഇന്ന് മനുഷ്യൻ അതിജീവനത്തിന്റെ പാതയിലാണ്. മനുഷ്യന്റെ അതിജീവനത്തിലൂടെ പ്രകൃതിയുടെ ജീവൻ നഷ്ടപ്പെടുന്നു.***







# ക്വിസ്




**1.ഇന്ത്യയിലെ ഏററവും വലിയ തടാകം ഏത് ?**

**–വുള്ളർ**

**2.ലോകത്തിലെ ഏറ്റവും വലിയ ലവണ തടാകം ഏത്?**

**–കാസ്പിയൻ കടൽ**

**3.ലോകജലദിനം**

**–മാർച്ച് 22**

**4.ലോകത്തിലെ വലിയ കൊട്ടാരം?**


**–ഇസ്താന നൂറൽ ഈമാൻ5.ലോകത്തിലെ ഏറ്റവും ചെറിയ തടാകം?**


**ലൈക് ബയ്ക്കൽ**

**6.ലോകത്തിലെ ഏറ്റവും വലിയ അമ്പലം?–വൃന്ദാവൻ ചന്ദ്രോദയ മന്ദിറ്**

**7.ലോകത്തിലെ ഏറ്റവും വലിയ പ്രതിമ?**

**–സ്പിംങ് റെംമ്പിൾ ബുദ്ധ**






QUIZ

***1.Who was the first Prime Minister of India?***

***Ans:Jawaharlal Nehru***

***2.How many cricket world cups does India have?***




***Ans:Two***

***3.What colour symbolises peace?***

***Ans:White***




***4.Who wrote Romeo & Juliet?***

***Ans:William Shakespeare***

***5.Who is the first President of the united state of America?Ans:George Washington***

***6.Which African nation is famous for chocolate?-***

***Ans:Gbana***



# പ്രാർത്ഥന



പ്രഭാതത്തിന്റെ താക്കോലും
പ്രദോഷത്തിന്റെ ഓടാമ്പലുമാണ് പ്രാർത്ഥന

-ഗാന്ധിജി

പ്രാർത്ഥന സ്വർഗത്തിലേക്ക് പറക്കാനുള്ള ചിറകാണ്

-വി.അംബ്രോസ്


പ്രാർത്ഥന ആത്മാവിന്റെ ശ്വാസോച്ഛ്വാസമാണ്

- ഗാന്ധിജി


പ്രാർത്ഥിക്കുന്ന മനുഷ്യന് അസാദ്ധ്യമായിട്ട് ഒന്നുമില്ല



-വിൻസെന്റ് .ഡി. പോൾ




# വായനയുടെ പ്രാധാന്യം




മനസ്സിന്റെ വളർച്ചയ്ക്ക്

അത്യാവശ്യം വേണ്ട വായുവാണ് വായന. ശരീരവളർച്ചയ്‌ക്കൊപ്പം മനസ്സിന്റെ വളർച്ചകൂടി സംഭവിച്ചാൽ മാത്രമേ നമ്മൾ മനുഷ്യർ എന്ന പദത്തിന് പൂർണ്ണമായും അർഹരാകൂ.

ഇന്നത്തെ ഏറ്റവും നല്ല വായക്കാരനായ കുട്ടിയാണ് നാളത്തെ ഏറ്റവും കരുത്തനായ നേതാവ് എന്ന അർത്ഥത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്.മനസ്സിനെ വളർത്താനും നേട്ടങ്ങളുടെ കൊടുമുടിയിൽ എത്താനും സഹായിക്കുന്ന ഏറ്റവും വീര്യമുള്ള ഔഷധമാണ് വായന.അതിനാൽ ഈ ദിവ്യഔഷധം കണ്ടില്ലെന്ന് നടിക്കരുത്, ഉപയോഗിക്കാൻ മറക്കരുത്, നഷ്ടപ്പെടുത്താൻ അനുവദിക്കരുത്.






## Meaning of our National Anthem word by word

**Our national anthem “Jana Gana Mana ......” is declared as the “best anthem of the word” by UNESCO.**



- **Jana - People**
- **Gana - Group**
- **Mana - Mind**
- **Adhinayaka - Leader**
- **Jaya He - Victory**
- **Bharat - India**
- **Bhagya - Destiny**
- **Vidhata - Disposer**
- **Punjab - Punjab**
- **Sindhu - Indus**
- **Gujaratha - Gujarat**
- **Maratha - Marathi**
- **Dravida - South**
- **Uttkala - Orissa**
- **Banga -Bengal**
- **Vindhya - Vindhyas**
- **Himachal - Himalay**
- **Yamuna -Yamuna**
- **Ganga - Ganges**
- **Uchchhala -moving**
- **Jaladhi -Ocean**
- **Taranga - waves**






- Tava -your
- Shubha -auspicious
- Naame -name
- Jage - awaken
- Tava -your
- Shubha -auspicious
- Aashisha -blessing
- Maage -ask
- Gaahe - sing
- Tava - your
- Jaya - victory
- Gatha - song
- Jana -people
- Gana - group
- Mangala - fortune
- Dayaka - giver
- Jaya he - victory be
- Bharatha - India
- Bhagya - destiny
- Vidhata -dispenser
- Jaya he - victory forever









# മലയാളവും ക്ലാസിക്കൽ

## പദവിയും

ആദ്യമായി ഭാഷാ സമുദ്ഭവത്തെക്കുറിച്ചും ഭാരതീയ ഭാഷകളിൽ മലയാളത്തിന്റെ സ്ഥാനത്തെ കുറിച്ചും സാമാന്യമായി ചിലകാര്യങ്ങൾ പറയേണ്ടതുണ്ട്. ഭാഷയെന്താണെന്ന് അറിയാത്തവറ് ചുരുക്കം. എന്നാൽ അതിന് കൃത്യമായൊരു നിർവചനം.


തന്റെ മനസ്സിലുള്ള ചിന്തയോ വികാരമോ അന്യനെ ഗ്രഹിപ്പിക്കുന്നതിനു വേണ്ടി ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ സമൂഹമാണ് ഭാഷ. ആ ശബ്ദങ്ങളാകട്ടെ ഒരു സമൂഹം അംഗീകരിച്ചിരിക്കുന്ന സങ്കേതങ്ങൾ അടിസ്ഥാനമായിരിക്കുകയും ചെയ്യും.

ഒരു സമൂഹത്തിന്റെ ആവശ്യം നിറവേറ്റുന്നതും അംഗീകാര നേടിയതുമായ വ്യവസ്ഥിതിയാണ് ഭാഷയുടെ അടിസ്ഥാനം എന്ന് പറയാം.

ഇന്ത്യയിൽ ജനങ്ങൾ സംസാരിച്ച് വരുന്ന ഭാഷകളുടെയെണ്ണം 1000 കവിയുമെങ്കിലും അയ്യായിരത്തിലേറെ ആളുകൾ സംസാരിക്കുന്ന ഭാഷകൾ 250 ന് അടുത്തേ വരൂ. ഇവയാകട്ടെ 4 ഗോത്രങ്ങളിൽ പെടുന്നു.



- ഭാവന ആർ
IX D



# കേരളം ഒറ്റനോട്ടത്തിൽ..

➔ രൂപവത്കരണം:

1956 നവംബർ ഒന്ന്

➔ വിസ്തീർണം:

38,863 ചതുരശ്രകിലോമീറ്റർ

➔ .തലസ്ഥാനം:

തിരുവനന്തപുരം

➔ .ജില്ലകൾ:

14

➔ .ഏറ്റവും വലിയ ജില്ല:

പാലക്കാട്

➔ .ഏറ്റവും ചെറിയ ജില്ല:

ആലപ്പുഴ


➔ .താലൂക്കുകൾ:

75

➔ .നിയമസഭാ അംഗങ്ങൾ:

141





➔ .ലോക്സഭാ സീറ്റുകൾ:
20

➔ .രാജ്യസഭാസീറ്റുകൾ:
9

➔ .കോർപ്പറേഷനുകൾ:
6

➔ .നഗരസഭകൾ:
87




➔ .ജനസംഖ്യ:
3,34,06,061

➔ .ഭാഷ:
മലയാളം

➔ .ഔദ്യോഗിക പുഷ്പം:
കണിക്കൊന്ന :

➔ .വൃക്ഷം:
തെങ്ങ്

➔ . പക്ഷി:-മലമുഴക്കി വേഴമ്പൽ




# എന്റെ കലാലയം..



shutterstock.com · 359559314

**ഒരുപിടി ഓർമ്മകൾ ബാക്കിയാക്കി**
**പകൽ രാത്രിയുടെ വിരിമാറിൽ അണയുമ്പോൾ**
**ഓർക്കുന്നു ഞാൻ എൻ കലാലയത്തെ**
**മനസ്സിൽ വയലിൻ തന്ത്രികളിൽ**
**സ്നേഹസംഗീതം മീട്ടും.**
**പകൽ വെളിച്ചം പോലെയാ ഓർമ്മകൾ**
**ഇരുൾകയങ്ങൾ നന്മകൾ തൻ**
**താരവെളിച്ചം പകർന്നു നീ.**
**തോരാമഴ പോലെ നീ എന്നിൽ**
**നോവായി പെയ്തിറങ്ങി.**
**പകൽ മുറ്റത്തെ സാക്ഷിയാക്കി**
**കൊഴിഞ്ഞു പോയ ഓരോ ഇലകളും**
**മായ്ക്കാൻ മറന്നുപോയ**
**വരകളും അക്ഷരങ്ങളും**
**മറക്കാത്ത കാലത്തിന്റെ**
**അടയാളമായി പകൽ രാത്രിയുടെ വിരിമാറിൽ അണയുന്നു.**

**–നെഫ് ല പി ബഷീർ**



# പാരിന്റെ നന്മയല്ലേ...


ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.

നിങ്ങൾ സംശയഗ്രസ്തകാകുമ്പോഴോ
അഹന്ത നിങ്ങളിൽ
അതിരുകവിയുമ്പോഴോ ഈ ഒരു
ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.



നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകുമോ ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി കൊടുക്കുമോ ?  മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായതമാകുമോ ?


അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.




# ഫ്ളാഷ് ബാക്ക്



ചില്ലുകളിൽ കൊട്ടുക്കുന്ന
നിറങ്ങൾ ചലനത്തിൽ
അവസാനത്തെ ശ്വാസവേദനയിലും
വൃദ്ധനായ ക്യാൻവാസിനെ
നോക്കി നെടുവീർപ്പിട്ടുറങ്ങി
വാക്കിൽ മുറിയുന്ന
രക്തബന്ധങ്ങൾ ഇന്ന്
നിറങ്ങളിൽ ലയിക്കാത്ത
ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം
ഓർമ്മയുടെ ഭാണ്ഡക്കെട്ടുകൾ
അവശേഷിക്കുന്ന പീലിത്തുമ്പുൾ
മെല്ലെ തെളിഞ്ഞ വരുന്നു
വിസ്മൃതിയുടെ മാറാലയിൽ
കാലം കരണ്ടു തീർത്ത കൗമാരം
മറന്നുവെച്ച സ്വപ്നങ്ങൾ
സിര മുറിഞ്ഞ പുഴയിൽ ലയിച്ച
കത്തുന്ന സി. എഫ്. എൽ
ഉണ്ടെങ്കിലും ഞാൻ ഇരുട്ടിലാണ്



അനന്തമായ അപാരതയിൽ
ആഴമേറിയ ആർദ്രതയുടെ
വാർദ്ധക്യം
കണ്ണുകളടർത്തിയ അശ്രു കണങ്ങൾ
കൊള്ളയടിക്കപ്പെട്ട
മനസ്സിന്റെ മരവിച്ച താളുകൾ
അവയുടെ ചിതലരിച്ച
ശേഷിപ്പുകൾ
ജന്മബന്ധങ്ങളിൽ മഞ്ഞുപെയ്ത്ത
രാത്രിയിൽ ദ്രുതതാളലയങ്ങളുടെ
മാസ്മരലോകത്തിന്റെ ജഡം




## JULIAN DILLER




*Julian Margaret Kopcke, is a german biologist , born in Peru. She is best known as the sole survivor among 92 passengers and crew in the 24 December 1971 crash of Lansa Flight 508 in the Peruvian rainforest. Her memoir When I Fell from the Sky is an international best seller and is "a gripping account of a harrowing adventure and an inspiring life."*





# നാവ് വഴങ്ങുമോ ?


- ഉരലിൻ മുകളിലൊരെലി
- ആഴിയിലിലകളായിരം
- അത്തിയിൽ തത്തകളേഴ്
- പനയിൽ പത്ത് തത്ത
- പളപളെ മിന്നും പട്ട്
- ആളൂരുള്ളോരരയാൽ
- ഇല്ലിനിലയിലൊരുകിളി
- മലയിലൊരുമയിൽ
- ആഴിയിലേഴുമീൻ
- ആലിൻ മുകളിലൊരാള്
- പത്ത് പച്ചത്തത്ത




ഒത്തുകുത്തിയിരുന്നു




- പൂവയിലൊരു കഴുത
- കുവിയിലേഴുകോഴി
- ഉരുലിയിലൊരുരുള
- അറയിലൊരുറിയുണ്ടേ
- ചരളിലുരുളുന്നേ



- റാലി പോലെ ലോറി
- ഇതൊരു തച്ച സഞ്ചി ചന്തയിൽ തച്ച സഞ്ചി
- തണ്ടുരുലും തടിയുരുളും. തടിയിന്മേലൊരുചെറുകുരുമുളകുരുളും.






# തുടിതാളം തേടി



നമ്മുടെ മാതാവു–കൈരളി– പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം–
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർചെങ്കാൽച്ചിലങ്ക കിലുങ്ങുമാ–
രോടിക്കളിച്ചു രസിച്ച കാലം–
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

- പണ്ടത്തെപ്പാട്ടുകൾ





# തിരിഞ്ഞു പായുന്ന

# ചൊവ്വ.....


ജ്യോതി ശാസ്ത്രജ്ഞർക്ക് എക്കാലത്തും കൗതുകമുണർത്തിയ ഗ്രഹമാണ് ചൊവ്വ. ഒരു പക്ഷെ, ചുമന്നനിറത്തിൽ കാണുന്നത് കൊണ്ടാവാം പല രാജ്യങ്ങളിലും ഈ ഗ്രഹത്തെ മരണം,യുദ്ധം, നാസനഷ്ടം തുടങ്ങിയ ദുരന്തങ്ങളുടെ ഹേതുവായാണ് കണക്കാക്കിയിരുന്നത്. ഓരോ ദേശക്കാർക്കും ഇതിന് അവരവരുടേതായ കഥകളും ഐതിഹ്യങ്ങളും നിലനിന്നിരുന്നതായും കാണാം. റോമക്കാരാമ് ചൊവ്വാ ഗ്രഹത്തിന് മാർസ് എന്ന പേര് നൽകിയത്. അവരുടെ യുദ്ധദേവനായിരുന്നു മാർസ്. ഗ്രീക്കുകാർ അവരുടെ അവരുടെ യുദ്ധദേവന്റെ പേരാമ് ഇ ഗ്രഹത്തിന് നൽകിയത്;ഏരീസ്. ചൊവ്വയുടെ ഉപക്രഹങ്ങളാണ് ഫോബോസും ഡൈബോസും .

മറ്റ ഗ്രഹങ്ങലിൽ നിന്നു വ്യത്യസ്തമായി ചൊവ്വയുടെ ചലനത്തിലുള്ള ചില പ്രത്യേകതകൾ പുരാതന കാലത്തുതന്നെ വാനനിരീക്ഷകരുടെ ശ്രദ്ധയിൽ പെട്ടിരുന്നു.ഭൂമിയിൽ നിന്ന് നിരീക്ഷിക്കുമ്പോൾ ചൊവ്വയുടെ സഞ്ചാരം പ്രത്യേകതരത്തിലാണ്. അധികകാലവും പടിഞ്ഞാറുനിന്നു കിഴക്കോട്ടു നീങ്ങുന്ന ചൊവ്വ ചിലപ്പോൾ ക്രമേമ വേഗത കുറഞ്ഞ് നിശ്ചനമാകും. ഓരോ 26 മാസം കുടുന്തോറും ഭൂമി ചൊവ്വയെ മരികടക്കും. ഈ സമയത്ത് ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചൊവ്വ പിറകിലേക്ക് സഞ്ചരിക്കുന്നതായാണ് തോന്നുക.ഇതാണ് പശ്ചാത്ഗമനം.

ചൊവ്വ പിറകോട്ട് പോകുന്നതായി അവസാനം നാം നിരീക്ഷിച്ചത് 2016 ജനുവരി മാസത്തിലാണ്.

ജനുവരി 5 ന് ചൊവ്വയുടെ ചലനം നിലച്ചതായാണ് തോന്നിയത്. 10 ദിവസം കഴിഞ്ഞപ്പോൾ അത് പിറകോട്ട് ചലിച്ചു തുടഹ്ങി. വീണ്ടും 10 ദിവസം കഴിഞ്ഞപ്പോൾ അത് സാദാരണ ഗതിയിലായി.






# നന്മ

നന്മ വിതച്ചാൽ നന്മകൾ കൊയ്യാം
നന്മ വിതക്കാം വയലുകളിൽ
വയലുകൾ നമ്മുടെ മനസ്സുകളല്ലോ
മനസ്സു നിറക്കാം നന്മകളാൽ
നല്ലതി കാണാം നല്ലതു കേൾക്കാം
നല്ലതു പറയാൻ ശീലിക്കാം
നല്ല പ്രവർത്തികൾ ചെയ്യാനായി
നമ്മൾക്കേറ്റം തുണയീശൻ
നൽവഴി നമ്മെ കാട്ടിത്തരുവാൻ
നേർവഴി നമ്മെ നയിച്ചീടാൻ
നമുക്കു തുണയായി നിന്നീടുന്നു
നല്ലവരാം ഗുരുഭൂതന്മാർ
നമ്മുടെ അമ്മയുമച്ഛനുമെല്ലാം
നമുക്കു സിക്ഷണമേകുന്നു
അവരുടെ നന്മകൾ നമ്മളിലേക്ക്
ദിവസംതോറും പ്രവഹിക്കും
അമ്മയുമച്ഛനുമവരോടൊപ്പം
ഗുരുനാഥന്മാരേവരുമേ
നമുക്കുമുന്നിൽ ഈശ്വരമതുല്യർ
അവരെ നമുക്കു നയിച്ചീടീം........

-നിരഞ്ജന മനോജ്



# കുമാരനാശാൻ




മഹാകവി മാത്രമായിരുന്നില്ല കുമാരനാശാൻ സാമൂഹിക പ്രവർത്തകനും ,പ്രഭാഷകനും, നിയമസഭാസമാജിതനും എല്ലാത്തിനുമൊപ്പം ഉന്നതനിലവാരം പുലർത്തിയ പത്രപ്രവർത്തകൻ കൂടിയായിരുന്നു.

പത്രാധിപർ എന്ന നിലയിൽ കുമാരനാശാൻ മലയാളത്തിൽ അറിയപ്പെട്ടുതുടങ്ങിയത് .1909 മുതൽ പതിമൂന്ന്



വർഷത്തിലേറേ അദ്ധേഹം വിവേകോദയം മാസികയുടെ പത്രാദിപനായിരുന്നു. 1920-21 കാലത്ത് പ്രതിഭ എന്നൊരു മാസിക പതിനൊന്ന്






Mahakavi Kumaran Asan (1873-1924)

മാസവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1973 എപ്രിൽ 12 തിരുവനന്തപുരം കായിക്കരയിൽ ജനിച്ച് കുമാരനാശാൻ അവിടെ സർക്കാർ വക പള്ളത്തിക്കൂടത്തിൽ പഠിക്കുകയും അവിടുത്തെ ആദ്യ അദ്ധ്യാപകനാവുകയും ചെയ്തു.വയസ്സുതികയാത്തതിൽ ജോലി സ്ഥിരപ്പെട്ടില്ല. പിന്നെ ഒരാശാന്റെ കീഴിൽ പഠനം തുടർന്നു. അപ്പോൾ തന്നെ കുമാരനാശാൻ കവിയായി അറിയപ്പെട്ടു.

–ബീമ സജി




# തിരണ്ടി

തിരണ്ടികൾ സ്രാവുകളുമായി പല കാര്യങ്ങളിൽ ബന്ധമുള്ളതാണ്.പ്രബാനമായും തരുണാസ്ഥിഥി നിർമ്മിതമാണ് രണ്ടുക്കൂട്ടരുടേയും ശരീരം.പരന്ന ഡിസ്കിന്റെ ആകൃതിയാണ് തിരണ്ടിമീനിന്റേത്.ആഴംകുറഞ്ഞ കടൽഭാഗത്ത് അടിത്തട്ടിലാണ്



വിക്കവാരും വാസം. മൊളുസ്കകളും,ക്രസ്റ്റേഷ്യനകളുമാണ് മുഖ്യ ആഹാരം.അംസച്ചിറകുകൾ തലയുമായിച്ചേർന്ന് ഇരുപാർഷ്വങ്ങളിലായി ത്രികോണാകൃതിയിൽ കാണപ്പെടുന്നു.തലയുടെ മുകൾഭാഗത്താണ് തിരണ്ടിയുടെ കണ്ണുകൾ ഗിറ്റാർ തിരണ്ടികലൾ,വാൾ തിരണ്ടികൾ,വൈതൃത തിരണ്ടികൾ,കാക്കത്തിരണ്ടികൾ,കൊമ്പൻ തിരണ്ടികൾ എന്നിവയാണ് പ്രധാന തിരണ്ടിയിനങ്ങൾ.

– റോസ്സി ഷാജി



# ഹനുമാനെ കാണാൻ

നരേന്ദ്രൻ എന്നായിരുന്നു സ്വാമി വിവേകാനന്ദന്റെ ആദ്യത്തെ പേര്. ഒരിക്കൽനരേന്ദ്രനെ കാണാതായി.





വീട്ടുകാരെല്ലാം തിരച്ചിലോട് തിരച്ചിൽ! കുറേ അന്വേഷിച്ചതിനു ശേഷമാണ് അവർ കണ്ടത്-നരേന്ദ്രൻ കുരച്ചകലെ ഒരു വാഴത്തോപ്പിൽ ഇരിക്കുന്നു!

കാര്യം ചോദിച്ചപ്പോൾ നരേന്ദ്രൻ പറഞ്ഞു: "അമ്മ പറഞ്ഞില്ലേ,ഹനുമാൻ കദളീവനത്തിലാണ്താമസമെന്ന്.ഞാൻ ഹനുമാനെ കാണാൻ വന്നതാ!"അതുകേട്ട് ചിരി വന്നെങ്കിലും മകനെ നിരാശപ്പെടുത്താതെ നരേന്ദ്രന്റെ അമ്മ പറഞ്ഞു :"ഒരുപക്ഷേ ശ്രീരാമഭഗവാൻ ഏൽപ്പിച്ച എന്തെങ്കിലും ജോലി ചെയ്യാൻ പോയതായിരിക്കും ഹനുമാൻ."

കേട്ടപ്പോൾ കൊച്ചുനരേന്ദ്രനും അതു ശരിയാണെന്നു തോന്നി. അവൻ അമ്മയോടൊപ്പം വീട്ടിലേക്കു മടങ്ങി.

-അച്ചു സൂസൻ
IX D



# ഭീമൻ കൊക്ക്

നിർത്താതെ വളരെദൂരംപറക്കാൻ കഴിവുള്ള ഒരു പക്ഷിയാണ് ഭീമൻ കൊക്ക്.പറക്കുന്ന പക്ഷികളിൽ ഏറ്റവും ഉയരം കൂടിയ ഇതിന് ശരാശരി അഞ്ചിനും ആറിനും ഇടയിൽ അടി ഉയരും കാണും.കൂട്ടത്തോടെ പറന്ന് ദേശാടനം നടത്തുന്ന ഈ സുന്ദരൻ പക്ഷിയുടെ തലയും കഴുത്തിന്റെ പകുതിയും ചുവപ്പു നിറത്തിലും തൂവലുകൾ ഇളം നീലയും വെള്ളയും കലർന്ന നിറത്തിൽ കാണപ്പെടുന്നു.ജീവിതാവസാനം വരെ ഏക ഇണയുടെ കൂടെ കഴിയുന്ന പക്ഷികൂടിയീണിത്.ചിറകുവിടർത്തി പറക്കാനും താളലയത്തോടെ നൃത്തമാടാനും ഇതിനു പ്രത്യേക സാമർത്യമുണ്ട്.ചുള്ളിക്കമ്പുകൾ കൊണ്ടുണ്ടാക്കുന്ന കൂട്ടിൽമുട്ടയിടുന്നു.ഇളം തൂവലുകൾ മാറി ഭംഗിയുള്ള തൂവലുകൾ വരാൻ വർഷത്തോ സമയമെടുക്കും. ഉത്തർ പ്രദേഷിലാണ് പ്രധാനമായും ഇന്ത്യൻ കൊക്കുകൾ കാണുന്നത്.



-നന്ദന സജി IX D

# നീരാളി റോബട്ട്

ഇതൊരു റോബട്ട് ആണ്.ലോകത്തിലെ ആദ്യ സോഫ്റ്റ് റോബട്ട്'!പ്രധാന തിരണ്ടിയിനങ്ങൾ.




റോബട്ട് എന്നു കേൾക്കുമ്പോൾ മനസ്സിൽ തെലിയുക ധാരാളം കൊച്ചികൊച്ച യന്ത്രങ്ങളും ചിപ്പുകളും സ്ക്രൂവുമെല്ലാമുള്ള രൂപമല്ലേ? എന്നാൽ ഈ റോബട്ടിന് അത്തരം 'കടുകട്ടി അവയവങ്ങൾ 'ഒന്നുപോലുമില്ല! നൂറു ഷതമാനം സോഫ്റ്റ്....!!

കണ്ടാലൊരു നീരാളിയുടെ ഛായയില്ലേ? ഇവന്റെ പേരും നീരാളിയുടെ പേരുപോലെ തന്നെയാണ്- ഒക്ടോബോട്ട്.ഹാർവഡ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് ഈ സുപ്പർ റോബട്ടിനെ നിർമ്മിച്ചത്.

-ദിയ ജിനേഷ്

IX C



## വല്ലതും കുറയുമോ

മഹാ പിശുക്കനാണ് കിട്ടുണ്ണി. എന്തിനും കിട്ടുണ്ണി വില പേശിനോക്കും.ഒരിക്കൽ കിട്ടുണ്ണിക്ക് കാലു വേദന വന്നു.

ചങ്ങാതിക്ക് കാലു വേദനയാണെന്നും അതേക്കുറിച്ച് ചില സംശയങ്ങളുണ്ടെന്നും ഡോക്ടറോടു പറയാം. വെറുതേ സംസാരിക്കുന്നതിന് ഫീസ് വേണ്ടല്ലോ! കിട്ടുണ്ണി വിചാരിച്ചു.

എന്നാൽ കിട്ടുണ്ണിയേക്കാൾ വലിയ പിശുക്കനും ആർത്തിക്കാരനുമായിരുന്നു ആ ഡോക്ടർ!

എന്നോട് ചോദിക്കുന്ന ഓരോ ചോദ്യത്തിനും നൂറ് രൂപയാ ഫീസ് ഡോക്ടർ ആദ്യമേ പറഞ്ഞു.


കിട്ടുണ്ണി ചോദിച്ചു വല്ലതും കുരയുമോ?

ഡോക്ടർ ഇല്ല....

കിട്ടുണ്ണി ചോദിച്ചു എന്നാ പിന്നെ ഞാൻ പോകട്ടെ?

ഉടനെ ഡോക്ടർ പറഞ്ഞു ഞാൻ പോകട്ടെ താൻ രണ്ടു ചോദ്യങ്ങൾ ചോദിച്ചു. ഇരുന്നൂറു രൂപ മേശപ്പുറത്ത് വച്ചിട്ടു പോയാ മതി....


അതുകേട്ട് കിട്ടുണ്ണി തലയിൽ കൈവച്ചു.




# ഹയ്യയ്യോ മരമല്ല

**മഴയിൽ പുഴയിൽ നീന്താൻ പോയി**
**മരമണ്ടൂസൻ കിട്ടുണ്ണി.**
**മഴയിൽ പുഴയിൽ മിഴികളടച്ചു**
**മലർന്നുനീന്തി മണ്ണുണ്ണി.**
**മഴയുടെ പൂരം പുഴയുടെ താളം**
**മാനത്തമ്പോ ഇടിമേളം!**
**മലർന്നു നീന്തിത്തളർന്ന നേരം**
**മരമണ്ടൂസൻ മണ്ണുണ്ണി**
**മരമാണെന്നു ധരിച്ചു പിടിച്ചേ**
**അരികിൽ കണ്ടൊരു തടിയിന്മേൽ**
**അപ്പോൾ ആ തടി തലപൊക്കുന്നേ**
**അതുകണ്ടലറീ മണ്ണുണ്ണി**
**മരമാണെന്നു ദരിച്ചു പിടിച്ചതു**
**ഭീമൻ പാമ്പിനെയാണല്ലോ.**





## Conquering the World



British conquered India
With their cruel deeds
And domineering pride

Gandhiji conquered India

With his peaceful deeds
And mighty words
And who won the war?
The one who propagated
Love and Peace

Conquer the world with love and peace
That is what great men teach

That is what we should dO

- PARVATHY PROMY IX C


# മുന്തിരിഷഴം പോലെ ഉപഗ്രഹം

സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിൽ ശീതയുദ്ധം നിലനിൽക്കുന്ന കാലം. എല്ലാ മേഖലയിലും മുന്നിലെത്താൻ അവർ തമ്മിൽ മത്സരമായിരുന്നു.1957-ൽ സോവിയറ്റ് യൂണിയൻ ആദ്യത്തെ ഉിഗ്രഹമായ സ്ഫുട്നിക്ക് 1 ബഹിരാകാശത്തെത്തിച്ച .ഇതോടെ മ്ത്സരം കടുത്തു.



1958 മാർച്ച് മാസത്തിലാണ് ആമേരിക്ക വാൻഗാഡ് നികഷേപിച്ചത്. പരാജയപ്പെട്ട ഒട്ടേറെ ശ്രമങ്ങൾക്ക് ശേഷമായിരുന്നു അമേരിക്ക വാൻഗാഡ് 1 വിജയകരമായി വിക്ഷേപിച്ചത്. ഒന്നര കിലോഗ്രാം ഭാരമുള്ള വാൻഗാഡിനെ അന്നത്തെ സോവിയറ്റ് തലവൻ നികിത ക്രൂഷ്ചേവ് കളിയാക്കി-മുന്തിരിഷഴം പോലൊരു ഉപഗ്രഹം!





# Friend Ships Goals....



India has many ships...
C hina has Many ships....
but, we have only one ship


that is 'FRIENDSHIP'

FRIENDS are the HEART of life,
with out friends,life is nothing...
No one can find the secret about them

F- full of happiness,
R-right
I - in
E-every movement
N- one can
D-do all with them
S-shadow of our life.....



-aysha sakeer
IX C




# LOVE OF MY MOTHER..



**I love my mother very much**
**I love my mother  whole time**
**I Admire my mother full time**
**I enjoy my mother's love**

**Love of my mother's mute**
**Love of my mother's is blind**
**Love of my mother is contact**

**Mother ever gives,never demands**
**Mother wishes only our prosperity**
**Mother wishes only our healthSo my mother is really great.**



# പൂമ്പാറ്റ വിശേഷങ്ങൾ

. മിക്കവാറും ചിത്രശലഭങ്ങളുടെ നിറപ്പകിട്ടാർന്ന ചിറകുകൾ സുതാര്യമാണ്.ഇവ ദ്രവ രൂപത്തിലുള്ള ഭക്ഷണം മാത്രമെ കഴിക്കുകയുള്ളൂ.ഭക്ഷണം ചവയ്ക്കുന്നതിനുള്ള കഴിവില്ല.പ്രൊബോസിസ് എന്ന പേരുള്ള ചുരുട്ടി വയ്ക്കാവുന്ന കുഴൽ ഉപയോഗിച്ച് പൂമ്പൊടി,സസ്യ ദ്രവങ്ങൾ,ചില കറകൾ എന്നിവ ഊറ്റിക്കുടിക്കുന്നു.മധുരം മാത്രം കുടിച്ച ജീവിക്കാനാവില്ല.

മറ്റു മൂലകങ്ങളും വേണം.ഇതിനായി ഭൂമിയിൽ കെട്ടി നിൽക്കുന്ന വെള്ളവും അല്ലെങ്കിൽ മരത്തിലും തങ്ങി നിൽക്കുന്ന വെള്ളവും കുടിച്ച് അവിശ്യമായ ധാതുലവണങ്ങൾ നേടുന്നു.

. സ്കിപ്പെയർ എന്നറിയപ്പെടുന്ന ചിത്രശലഭങ്ങൾക്കു വളരെ



വേഗത്തിൽ പറക്കാൻ സാധിക്കും.മറ്റ ചിത്രശലഭങ്ങൾ മണിക്കൂറിൽ 8 മുതൽ 20 കിലോ മീറ്റർ വേഗത്തിൽ പറക്കുമ്പോൾ,
സ്കിപെയർ ചിത്രശലഭങ്ങൾക്കു മണിക്കൂറിൽ 60 കിലോമീറ്ററാണ്
വേഗം.ഇതു ശരാശരി ഒരു കുതിരയുടെ വേഗത്തിനേക്കാൾ കൂടുതലാണ്.

.ക്വീൻ അലക്സാണ്ട്ര ബേർഡ്വിങ് ആണ് ഏറ്റവും വലിയ ചിത്രശലഭം.

പെൺ ശലഭങ്ങൾക്കു ആൺ ശലഭങ്ങളേക്കാൾ വലുപ്പം ഉണ്ട്. ഇവ
ചിറകു വിരിക്കുമ്പോൾ ഏകദേശം 28 സെൻറ്റീ മീറ്റർ മുതൽ 31



വരെ നീളം വരും.പാപുവ ന്യൂ ഗിനിലെ മഴ കാടുകളിൽ മാത്രമാണ് ഇവ കാണുന്നത്.വെസ്റ്റേൺ പിഗ്മി ബ്ളൂ ആണ് ഏറ്റവും ചെറിയ ശലഭങ്ങളിലൊന്ന്.ഇതു ചിറകു വിരിക്കുമ്പോൾ രണ്ട് സെന്റീ മീറ്ററിൽ
താഴെ മാത്രമെ നീളം ഉണ്ടാവൂ.

# വീട്ടുകാരൻ റോബട്ട്




**അച്ഛനും അമ്മയും വീട്ടിലില്ലെങ്കിൽ മക്കൽ വികൃതി തുടങ്ങും. ലോകത്തെല്ലായിടത്തുമുള്ള ഈ പ്രശ്നത്തിന് ഹൈ-ടെക് പരിഹാരം കണ്ടെത്തിയിരിക്കുകയാണ് അമേരിക്കയിലെ മേഫീൽഡ് റോബോട്ടിക്സ് എന്ന കമ്പനി.**

**ഈ കമ്പനിയൊരു കുഞ്ഞു റോബോട്ടിനെയുണ്ടാക്കി,പേര് 'ക്യൂരി'!**

**അച്ഛനും അമ്മയും വീട്ടിൽ ഇല്ലെങ്കിൽ ക്യൂരി റോബട്ട് വീടാകെ ചുറ്റി നടന്ന് കുട്ടികൾ എന്തുചെയ്യുന്നുവെന്ന്നോക്കും. എന്തെങ്കിലും കുസൃതി കാട്ടിയാൽ ആ നിമിഷം അച്ഛനമ്മമാരെ ഫോണിൽ വിളിച്ചറിയിക്കും.എന്താണ് നടന്നതെന്ന് റെക്കോർഡ് ചെയ്ത് സൂക്ഷിക്കും.**


പഠിക്കാനുള്ള പാഠങ്ങളും ചെയ്യാനുള്ള ഹോംവർക്കുകളും കുട്ടികളെ ഒർമിപ്പിക്കാനും ക്യൂരിക്ക് അറിയാം. ഒരു ലക്ഷം രൂപ മാത്രമുള്ള ഈ കുഞ്ഞൻ റോബട്ട് ഉടൻ വിൽപനക്കെത്തും.

റോബട്ടിനെ ഓഫാക്കിയിട്ടിട്ട് വികൃതി കാട്ടാമെന്ന് കരുതണ്ട.ക്യൂരി ഓഫാക്കാനുള്ള സീക്രട്ട് കോഡ് അച്ഛനും അമ്മക്കും മാത്രമേ കമ്പനി പറഞ്ഞുകൊടുക്കൂ!



-ദിവ്യ മഹാദേവൻ

IX A



# സൂര്യനെ അറിഞ്ഞ അപ്പൂപ്പൻ


സൂര്യനെക്കുറിച്ച് ഏറ്റവുമധികം കാര്യങ്ങൾ അറിയാവുന്ന മനുഷ്യൻ ആരാണ്? യൂജിൻ പാർക്കർ എന്ന അമേരിക്കക്കാരനാണത്. ഇപ്പോൾ 91 വയസ്സുള്ള ഈ ശാസ്ത്രജ്ഞനാണ് സൂര്യനെക്കുറിച്ചുള്ള പല രഹസ്യങ്ങളും കണ്ടെത്തിയത്.സൂര്യനിൽ ഭയങ്കരമായ തീക്കാറ്റുകൾ ഉണ്ടെന്ന് ആദ്യം പറഞ്ഞത് **യൂജിൻപാർക്കറാണ്.**



സൂര്യനു ചുറ്റുമുള്ള കാന്തവലയത്തിന്റെ ആകൃതി കണ്ടു പിടിച്ചതും ഇദ്ദേഹമാണ്.അദ്ദേഹത്തോടുള്ള ആദരവ് കാണിക്കാനാണ് നാസ സൂര്യപേടകത്തിന് പാർക്കർ സോളാർ പ്രോബ് എന്നു പേരിട്ടത്. ആദ്യമായാമ് നാസയുടെ പേടകത്തിന് ജീവിച്ചിരിക്കുന്ന ഒരാളുടെ പേരിടുന്നത്.

**-മീര ടോമി**

IX A



# THE NIGHT



DARKNESS IS EVERY WHERE
ALL ARE GOING TO REST
STARS ARE SHINING
BIRDS ARE GOING TO NEST

*I CREPT INTO MY*
*BED*
*WITH FEAR OF DARKNESS*
*I LEFT MY FEAR*
*WITH THE HEAR OF SONG.*

THE SONG WHICH I
ALWAYS HEAR IN THE NIGHT
GIVES ME LIGHT AND LIFE
FREE FROM FEAR.

*THAT SWEET VOICE*
*WHICH FILLS MY ROOM*
*THAT THRILLING NOISE*
*WHICH FILLS MY EARS*


*TELLS ME*
*YOU SLEEP PEACEFULLY MY CHILD*
*I WILL ALWAYS BE WITH YOU.*

# സ്നേഹത്തണൽ..



എന്നും എന്നെ
ചേർത്തുനിർത്തിയ
ഒരു സ്നേഹത്തണൽ
ഇന്നും മായാതെ എൻ ഓർമ്മകളിൽ
പിൻതിരിഞ്ഞ് നോക്കുന്ന വേളയിൽ
എങ്ങോ ഞാൻ മാത്രമായ്
ആ അന്തരീക്ഷം ഇന്നും എന്നെ
ആർദ്രമായ് തൊട്ട് തലോടുന്നു
എന്തെ ഞാൻ ഈ **സ്നേഹത്തണൽ..**
നിരസിച്ച
ഇന്നും കാതിൽ മുഴങ്ങുന്ന ചോദ്യം
എങ്ങോ വിരിയുന്നു.

-മരിയ ടോമി
IX A



# സിനിമയിലെ മീൻ

ഫൈനൻ്ഡിങ് നെമോ ആനിമേഷൻ സിനിമയിലെ പ്രധാന കഥാപാത്രങ്ങളായ മാർലിനും നെമോയും




ക്ലൗൺഫിഷുകളാണ്!

ഫൈൻഡിങ് നെമോ ഇറങ്ങിയതോടെ അമേരിക്കയിൽ ഏറ്റവും കൂടുതൽ ആളുകൾ വളർത്തുന്ന അലങ്കാരമീനായി മാറി ക്ലൗൺ ഫിഷ്.



-ആൻ മരിയ ബാബു

IX C




# ചിരിവിടരുമ്പോൾ..

അന്നഞാനെന്നനുജനെ കാത്ത്
പൂമുഖവാതിൽക്കൽ ഇരുന്നതോർക്കെ
ഓമനപടിവൈതിൽക്കൽ ഇരുവരും വിരിഞ്ഞ
മലരുകൾക്കിടയിൽ നോക്കി നിന്നു
നമ്മസ്മരണകൾ ചൊരിയും മുത്തിനെ
സാക്ഷിയായ്യായ്, ആർദ്രപടിവാതിൽക്കൽ
വന്നുനിന്നവർക്കിടയിൽമന്ദസ്മിതം
ചൊരിയും ഓമനപൈതലിന്നട്-
ക്കൽ
ഞാൻ മന്ദം മന്ദമായ് ചെന്നു നിന്നു
തേജോവദനമുദിക്കുമാപൈതലിൻ
മുഖം
ശോഭിമർക്കനെപ്പോലെയായി
യുദ്ധതാണ്ഡവം നിറഞ്ഞയീ ലോകം
ആ ഓമനപൈതലിൻ ഹാസം എന്തിനുവിസ്മരിച്ചു.





-സ്വാലിഹ എം.എസ്



# Powerful quotes..

1. "Self confidence is the memory of success"-david storey.
2. "An investment in knowledge pays the best interest"-benjamin kranklin.
3. "Everything has beauty but no everyone can see"-Confucius.
4. "Weakness of attitude becomes weakness of character"-Albert Einstein.
5. "The mind is everything, What you think you become"-Budda.
6. "If you're feeling helpless help someone"-Aung san suu kyi.
7. "The time is always right to do what is right"-Martin luther king Jr.
8. "If you judge people, you have no time to love them"-Mother teresa.
9. "Faliure is simply the opportunity to begin again more intelligently"-Henry ford.

-ALEENA ANIL IX B

# നാ ബൾബ്.....



ഒരു ഓഫീസിലെ ജോലിക്കാരാണ് റോക്കിയും ജോക്കിയും. വളരെ കർക്കശക്കാരനാണ് അവരുടെ ബോസ്.അത്യവിശത്തിനുപോലും ലീവ് അനുവദിക്കില്ല. ഒരു ദിവസം റോക്കി ജോക്കിയോട് പറഞ്ഞു. ഞാൻ ഇന്ന് ലീവ് എടുത്ത് സിനിമയ്ക്കു പോകും നോക്കിക്കോ..... അതുംപറഞ്ഞ് റോക്കി മേൽക്കൂരയിൽ കയറി തൂങ്ങിക്കിടന്നു! ബോസ് വന്നപ്പോൾ അതുകണ്ട് അമ്പരന്നുപോയി.എന്താടാ താൻ തൂങ്ങിക്കിടക്കുന്നത്? ഞാനൊരു ബൾബാ..... ബൾബുകൾ തൂങ്ങിക്കിടക്കുകയല്ലെ പതിവ് ..... റോക്കി പറഞ്ഞു.


റോക്കിക്ക് എന്തോ ബുദ്ധിഭ്രമം ബാദിച്ചതാണെന്ന് കരുതി ബോസ് വേഗം ലീവ് കൊടുത്തു.റോക്കി വേഗം പോവുകയും ചെയ്തു.ജോക്കി ഇതൊക്കെ കണ്ടുനിൽക്കുന്നുണ്ടായിരിന്നു. റോക്കിക്കു പിന്നാലെ ജോക്കിയും പോകാൻ തുടങ്ങി.

താനെന്തിനാടൊ പോകുന്നത് ? ബോസ് ചോദിച്ചു. ജോക്കി പറഞ്ഞു.

ബൾബില്ലാതെ ഇരുട്ടത്തിരിന്ന് ഞാനെങ്ങനെ ജോലി ചെയ്യും സാറെ?....

-ബിസ്മി മോൾ മുജീബ്

IX A



# പിൻ ബുദ്ധി

പറ്റിയില്ല, ഒരിക്കൽ പെട്ടു. തക്ക നേരത്ത് വേണ്ടതു തോന്നണം. വൈകിയാൽ വിഷമമാവും.

ഒരിക്കൽ ഏതാനും ചെറിയ കുട്ടികൾ പുഴയിൽ കളിക്കാനിറങ്ങി. അവരിൽ ഒരാളുടെ കാലിൽ ചപ്പുചവറുകൾ കുരുങ്ങി. നീന്തലറിയുന്ന ആളാണ്. പക്ഷേ നീന്തിക്കയറാൻ പറ്റിയില്ല, ഒരിക്കൽ പെട്ടു. തക്ക നേരത്ത് വേണ്ടതു തോന്നണം. വൈകിയാൽ വിഷമമാവും.

!!brOken!!

സഹായിക്കണമെന്ന് അവൻ വിളിച്ചുപറഞ്ഞു.അത് വെറും തമാശയാണെന്ന് മറ്റുള്ളവർകരുതി. എല്ലാവരും ചിരിച്ചു.

അപ്പോളാണ് കരയിൽ കണ്ടുനിന്ന ഒരാൾക്ക് കാര്യത്തിൽ ഗൗരവം മനസ്സിലായത്. അയാൾ പുഴയിൽ ചാടി നീന്തി കുട്ടിയെ ആപത്തിൽ നിന്നും രക്ഷിച്ചു.

അയാൾ മറ്റുള്ളവരോടു ചോദിച്ചു- നിങ്ങളെല്ലാം സ്കൂളിൽ പോവുന്നവരല്ലേ? അതെ എന്നുകുട്ടികൾ പറയഞ്ഞു.

ഉടനെ വന്നു അടുത്തചോദ്യം-എന്നിട്ടെന്തേ വേണ്ട നേരത്തു വേണ്ടതുചെയ്യാൻ ഇനിയും പഠിക്കാത്തത് ?

-അഫീഫ
IX A

# ലോകവനിതാ ദിനം





"യത്രനാര്യസ്തു പൂജ്യന്തേ
രമന്തേ തത്രദേവതാ:
യാത്രൈതാസ്തു നപൂജ്യന്തേ
സർവ്വാ സ്തത്രാഫലാ: ക്രിയാ:

-മനുസ്മൃതി

എവിടെ സ്ത്രീകൾ ഭൂഷണം മുതലായവ കൊണ്ട് സന്തോഷം പ്രാപിക്കുന്നുവോ, അവിടെയെല്ലാ ദൈവങ്ങളും സന്തോഷത്തോടെ വസിക്കുന്നു. എവിടെ സ്ത്രികളെ പൂജിക്കുന്നില്ലയോ അവിടെ ചെയ്യുന്ന കാര്യങ്ങളെല്ലാം നിഷ്ഫലങ്ങളായി തീരും.

പ്രാചീനകാലം മുതൽ സമൂഹത്തിൽ പുരുഷനും തുല്യം മാന്യമായ സ്ഥാനവും അംഗീകാരവും ആർജിച്ച് ജീവിച്ച് വന്നവളാണ് സ്ത്രീ. പുരുഷന്റെ സ്ത്രീലാണെന്ന് ഋഗ്വേദം അഭിപ്രായപ്പെടുന്നു. അന്ന് കുടുംബജീവിതത്തിന്റെ നേതൃസ്ഥാനത്ത് അവളെ അംഗീകരിച്ചും പൂജിച്ചും വന്നിരുന്നു. പാണ്ഡിത്യവും സംസ്കാരവും, കായബലവും ഒത്തിണങ്ങിയ സ്ത്രീയെ താരതമ്യേന ശരീരാദ്ധ്വാനം കുറഞ്ഞ ജോലികളിൽ ഒതുക്കി,




**കായബലത്തില പുരുഷൻ ബലവാനാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ക്രമേണ പുരുഷന്റെ അധീശത്വം ഉറപ്പിക്കുകയും സ്ത്രീയെ അടിമയായി കാണുകയും ചെയ്തു.**

**ലോകത്ത് പൊതുവെ കാണപ്പെട്ട ഈ പുരുഷമേധാനിത്വം  വൈദികകാലഘട്ടത്തിൽ പിന്നീട് ഭാരതത്തിലും പ്രകടമായി. സത്രീയ്ക്ക് സ്വന്തമായി തൊഴിലും വരുമാനവും സ്വാതന്ത്ര്യവും ഭദ്രതയുമൊന്നും വേണമെന്നില്ലാതായി. ബ്രാഹ്മണ്യത്തിന്റെ കർശനമായ നിയമങ്ങൾ,വിദേശാക്രമണങ്ങൾ മൂലം സമൂഹത്തിൽ പിന്നീട് വന്ന മാറ്റങ്ങൾ, വിദ്യാഭ്യാസം ലഭിക്കാനുള്ള അസൗകര്യം എന്നിവയാൽ ഭാരതീയ സത്രീകൾ അടിച്ചമർത്തപ്പെടുകയാണ്....**



-ഹുദ അബൂബക്കർ

IX D




# തെരുവു ബാല്യം



മിഴിയിൽ വിങ്ങുന്ന
കണ്ണീരിൽ
നിന്നൊരു തുള്ളി വീണു തൻ
മനസ്സിൽ
ഏറെ നാളായി മങ്ങിയ ചെറു മന്ദഹാസം
വിടരുമോവ ഇനിയും തൻ ചെറു ചുണ്ടുകളിൽ?
ഓർക്കുവാൻ നല്ലോർമ്മകൾ ഒന്നുമില്ല
ഓമനിക്കാൻ ആരാരുമടുക്കലില്ല
പങ്കിടാൻ ദുഃഖങ്ങൾ മാത്രം ബാക്കിയായി
എന്തിനീശ്വരാ എനിക്കീ തെരുവുബാല്യം

-ആരതി അന്നത്തമൻ
IX D




## An  Unforgettable  Childhood



# Experience

**Sweet are the memories of one's childhood. These memories remain with a person till the end of his life.Some of these are sweet while others are bitter. Some incidents do not make a permanent impression in our minds while a few others are vividly remembered by us. One particular incident of my childhood still remains fresh in my mind.**

**About seven years ago, I was a child of about six year age.I had gone to an exhibition with my parents.There was a large crowd at  the place.In fact I had never seen such a large gathering at one place. I was fascinated by toys on display in one of the stalls. I stood there for a while imagining how I would play with each of these toys if I had them. I was so engrossed in my thoughts that I did not notice my parents moving away.  Suddenly I realized they were no longer with me. I was scared and ran in all direction calling ' mother and 'father. I searched every stall for them. I started asking me lot of questions. But i would not find them.**



# DREAMS WITHOUT WINGS

Someone knocks at my door,'It's time.

He says Says,its time to fly

Yeah,I want to fly.

Wakeup he shout,he yells

Hey,but where do I fly?

Indolent!You have a boundless

sky

Need more?There stays

"Space".

But I am impotent,coward,


To survive those dark clouds


Drive your thoughts,

Rush above the sky

You could chase out those dark clouds

No one obstructs you,even the huge frozen





mounts..........

Nobody will trap you even the giant storms

You seemed to be travelling smooth

You would be the source which holds,

the power of millions suns,universal force

You could be free above!

Yeah! I flew above the

mountains

Through the

clouds,volcanoes

Above sun,I could free

myself




But there I realized I lost my wings

Lost my wings!


Lost my wings!!!

That means I flew everywhere without wings



Someone stole my wings
How did I fly without
wings?
Idiot!Made dreams without
wings
A dreadful silence prevailed
there
Pitiful!He murmured
Walk away from the threshold
Without a good bye,
Towards another corridor.
Yeah,I want to fly.
Wakeup he shout,he yells
Hey,but where do I fly?
Indolent!You have a boundless sky
Need more?There stays "Space".





But I am impotent,coward,

To survive those dark clouds

Drive your thoughts,

Rush above the sky

You could chase out those

dark clouds

No one obstructs you,even the

huge frozen mounts..........

Nobody will trap you even the giant storms

You seemed to be travelling

smooth

You would be the source

which holds,


the power of millions

suns,universal force

You could be free above!







Yeah! I flew above the mountains

Through the clouds,volcanoes

Above sun,I could free

myself

But there I realized I lost

my wings

Lost my wings!

Lost my wings!!!

That means I flew

everywhere without wings

Someone stole my wings

How did I fly without wings?

Idiot!Made dreams without wings


A dreadful silence prevailed there

Pitiful!He murmured

-JANNATH BASHEER IX D

# നിക്കോള ടെസ്ല

വൈദ്യുതിയെ ട്രാൻസ്ഫോർമറുകളുടെ സഹായത്തോടെ വളരെക്കൂടിയ വോൾട്ടതയിൽ ദീർഘ ദൂരങ്ങളിലേക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും എത്തിക്കാനുള്ള ഉപായം കണ്ടുപിടിച്ചത് നിക്കോള ടെസ്ലയാണ്. ഭ്രമണം ചെയ്യുന്ന കാന്തികമണ്ഡലത്തിൻ്റെ കണ്ടുപിടിത്തത്തിലൂടെ ടെസ്ല എ.സി.വൈദ്യുതിയുടെ (ആൾട്ടർ നേറ്റീവിൻ്റെ) ഉത്പാദനം,പ്രേഷണം,വിതരണം എന്നിവ സാധ്യമാക്കി. ഇതോടെയാണ് വൈദ്യുതിയുടെ വ്യാവസായിക. ഉപയോഗം എളുപ്പമായത്.



*-അയിഷ ഇഖ്ബാൽ*

IX B

# ഹീ...ഹീ...ഹീ..

## ഫലിതം.

1 . അധ്യാപകൻ :- കുട്ടിയോട് സുഖം ചേർത്ത് ഒരു വാക്യം പറയൂ

കുട്ടി :- കല്ല്യാണം കഴിച്ചാൽ നല്ല സുഖമായിരിക്കും


2 . എസ്.ഐ കീഴ് ഉദ്യോഗസ്ഥനോട് :- മോർച്ച- റിയിൽ കിടക്കുന്ന ശവത്തിൽ നിന്ന് വല്ല തെളിവും കിട്ടിയോ ?

കീഴ് ഉദ്യോഗസ്ഥൻ :- ഇല്ല സാർ , ആ ശവം ഊമയാണെന്ന് തോന്നുന്നു . ഇതു വരെയും മിണ്ടിയില്ല .

-അനഘ റ്റി. യു.

IX C





# ലോകത്തിൽ

## ആദ്യം...

1. ആദ്യമായി പുസ്തകം അച്ചടിച്ച രാജ്യം
2. ആദ്യമായി പോസ്റ്റൽ സർവ്വീസ് ആരംഭിച്ച രാജ്യം
3. ആദ്യമായി മനുഷ്യൻ ഉണ്ടാക്കിയ സാർവത്രിക ഭാഷ



4. ആദ്യത്തെ ഉപഗ്രഹം
5. ആദ്യത്തെ ശൂന്യാകാശ സഞ്ചാരി
6. ആദ്യമായി ശൂന്യാകാശത്തിൽ സ്വതന്ത്രമായി നടന്ന മനുഷ്യൻ
7. ആദ്യമായി ടെലിവിഷൻ റിലേ ചെയ്ത ഉപഗ്രഹം

***8. ലോകത്തിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി***

***9. ആദ്യമായി ചൊവ്വയിൽ ഇറങ്ങിയ കൃത്രിമ ഉപഗ്രഹം***

***10. ആദ്യമായി ബഹിരാകാശത്തെത്തിയ മൃഗം?***

## ഉത്തരങ്ങൾ

**1.** ചൈന

**2.** പേർഷ്യ

**3.** അക്കങ്ങൾ

**4.** സ്പട്നിക്ക് **–1**

**5.** യൂറി ഗഗാറിൻ

**6.** അലക്സിലിയോനോവ്

**7.** ടെസ്റ്റാർ

**8.** മിസ്സിസ് എസ് ബണ്ഡാര നായകെ


**9.** മാർസ് **3**

*10. ലെയ്ക്ക*

**-അസ്ന വി അഹമദ്**

**IX A**






# മനുഷ്യകഥാനുഗായികൾ



ഗുരു ശിഷ്യർക്ക് മുന്നിൽ എത്തി.
അന്നേരം കിളി വാതിലിൽ ഒരു
പക്ഷി വന്നിരുന്നു.
അതു പാടാൻ തുടങ്ങി.
അവർ ആ പാട്ടിൽ ലയിച്ചിരുന്നു.
പക്ഷി പറന്നു പോയപ്പോൾ ഗുരു പറഞ്ഞു:
" ഇനി പൊയ്ക്കോളൂ ഇന്നത്തെ അധ്യയനം
കഴിഞ്ഞു."



-ഹുദ ബഷീർ
IX D




# എന്റെ സുന്ദര ഗ്രാമം

എത്ര  സുന്ദരമാണെന്റെ ഗ്രാമം,
ആരെയും മാടിവിളിക്കുന്ന ഗ്രാമം.
എത്ര മനോഹരമാണെന്റെ ഗ്രാമം,
ആരെയും മോഹിപ്പിച്ചീടുന്ന ഗ്രാമം.
ആലോലമാടുന്ന പൂമരങ്ങൾ,
പാറിപ്പറക്കുന്ന വാനമ്പാടി,
നീന്തിക്കളിക്കുന്ന പൊൻമീനുകൾ,
കാണാനവയ്യൊക്കെ എത്ര ഭംഗി.
ഉദിച്ചു നിൽക്കുന്ന സൂര്യദേവൻ,
പൂക്കളോ വിരിച്ചതാം വയലേലകൾ,
താമരപൊയ്കകൾ നീളെ നീളെ.




*-ഫാത്തിമ സുബൈർ*
*IX C*



# ഒത്തിരി നന്ദി..

ദൈവാനുഗ്രഹത്തിന്റെ തുടിപ്പുകൾ നിറഞ്ഞു
നിൽക്കുന്ന ഈ സ്മരണിക പുലരി ഒരു
സ്വപ്നസാക്ഷാത്കാരം..

അനുവാചകസവിധത്തിൽ ഇതിനെ
അണിയിച്ചൊരുക്കാൻ കൂടെ നിന്ന് കരുത്തുപകർന്ന
സർവശക്തനായ നല്ല ദൈവത്തിനു മുമ്പിൽ ശിരസ്സ്
നമിക്കുന്നു...ഒപ്പം എല്ലാവർക്കും....നന്ദി....
അവിശ്രമപരിശ്രമങ്ങളെ അനുഗ്രഹിച്ചാശീർവദിച്ച
അധികാരികൾ.....
സന്ദേശങ്ങളും ആശംസകളും പങ്കുവെച്ച
വ്യക്തികൾ.....
അപൂർവ്വചാരുതയോടെ സർഗ്ഗചേതനയുടെ
ചേരുവകളെ രുചികരമായി പാകപ്പെടുത്തിയ
വിദ്യാർത്ഥിനികൾ.....
പ്രചോദനത്തിന്റെ ഊർജ്ജം പകർന്ന അദ്ധ്യാപകർ



എല്ലാവർക്കും നന്ദി ......

വിശാലവീഥികളെ അക്ഷരങ്ങളിലൂടെ ,

വർണ്ണങ്ങളിലൂടെ , വരകളിലൂടെ മനോഹരമാക്കുവാൻ
അങ്ങനെ ഈ സ്മരണികയെ

അണിയിച്ചൊരുക്കുവാൻ , പുലരിയുടെ
സൂര്യദീപ്തങ്ങളെ പ്രസരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്ന
ചാരിതാർത്ഥ്യത്തോടെ ഈ അക്ഷരോപഹാരം

നിങ്ങൾക്ക് സമർപ്പിക്കുന്നു...
ഈ മാഗസിൻ അണിയിച്ചൊരുക്കാൻ സഹായിച്ച
ഏവർക്കും



നന്ദി
ഒത്തിരി
നന്ദി.....